# ആരോഗ്യ കേരളം
arogyakeralam newsletter

August 2025
Follow us on
arogyakeralam.gov.in

നാല് വർഷം നാടിന്നഭിമാനം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# ചരിത്ര മുന്നേറ്റം



നവകേരളം പുതുവഴികൾ
പിണറായി വിജയൻ സർക്കാർ 10-ാം വർഷത്തിലേക്ക്

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്
കേരള സർക്കാർ

- ദേശീയ തലത്തിൽ 29 പുരസ്കാരങ്ങളും ബഹുമതികളും
- ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം
- 4 വർഷം കൊണ്ട് 7000 കോടിയിലധികം രൂപയുടെ സൗജന്യ ചികിത്സ
- അപൂർവ രോഗ ചികിത്സയ്ക്ക് രാജ്യത്ത് ആദ്യമായി കെയർ പദ്ധതി
- കാൻസർ മരുന്നുകൾ സീറോ പ്രോഫിറ്റായി നൽകാൻ കാരുണ്യ സ്പർശം

### അടിസ്ഥാന സൗകര്യത്തിലും സേവന മികവിലും മുന്നേറ്റം

- ആരോഗ്യ വകുപ്പിൽ കിഫ്ബി വഴി 10,000 കോടിയിലധികം രൂപയുടെ വികസനം നടപ്പിലാക്കി
- മെഡിക്കൽ കോളേജുകൾക്ക് 17 പ്രോജക്ടുകൾക്കായി 3200 കോടി
- അന്താരാഷ്ട്ര ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
- കാവൽ, കാവൽ പ്ലസ് പദ്ധതികളെ അഭിനന്ദിച്ച് സുപ്രീം കോടതി

### സംസ്ഥാനത്ത് കാൻസർ ചികിത്സാ രംഗത്ത് സമഗ്ര മുന്നേറ്റം

- ആരോഗ്യം ആനന്ദം അകറ്റാം അർബുദം ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ
- റോബോട്ടിക് സർജറി
- 25 ആശുപത്രികളിൽ കാൻസർ ചികിത്സാ സൗകര്യം
- ജില്ലാ, താലൂക്ക് തല ആശുപത്രിയിൽ മാമോഗ്രാം, ബയോപ്സി, പാപ്സ്മിയർ സംവിധാനം
- ആർസിസിയിൽ സെർവി സ്കാൻ
- എംസിസിയെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ടാക്കി ഉയർത്തി
- കൊച്ചി കാൻസർ റിസർച്ച് സെന്ററിന് പുതിയ ആശുപത്രി കെട്ടിടം

- ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ ഒന്നാം സ്ഥാനം
- പാലിയേറ്റീവ് രംഗത്ത് കേരള കെയർ, പാലിയേറ്റീവ് കെയർ ഗ്രിഡ്
- ചികിത്സാ രംഗത്ത് നിർമ്മിത ബുദ്ധി, മെഷീൻ ലേണിംഗ് റോബോട്ടിക് സർജറി, പൂർണമായി ചലന ശേഷി നഷ്ടപ്പെട്ടവർക്ക് ജി ഗൈറ്റർ ബ്ലഡ് ബാഗ് ട്രേസബിലിറ്റി

- 5416 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി.
- 240 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻക്യുഎഎസ്
- 5 ആരോഗ്യ സ്ഥാപനങ്ങൾക്ക് മുസ്കാൻ അംഗീകാരം
- 14 ആരോഗ്യ സ്ഥാപനങ്ങൾക്ക് ലക്ഷ്യ അംഗീകാരം
- 806 ലധികം ആശുപത്രികളിൽ ഇഹെൽത്ത് പദ്ധതി
- ക്യൂ നിൽക്കാതെ ഒപി ടിക്കറ്റ്
- ഇ പേയ്മെന്റ്, എം ഇഹെൽത്ത് മൊബൈൽ ആപ്പ്
- താലൂക്ക് തലം മുതൽ സ്പെഷ്യാലിറ്റി സേവനങ്ങൾ

- കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർത്ഥ്യമാക്കി
- സ്റ്റേറ്റ് വൺ ഹെൽത്ത് സെന്റർ
- നിപ റിസർച്ച് സെന്റർ
- പകർച്ചവ്യാധിപകർച്ചേതരവ്യാധി പ്രതിരോധത്തിന് കേരള സിഡിസി
- എ.എം.ആർ. പ്രതിരോധം രാജ്യത്തിന് മാതൃക
- ആന്റിബയോട്ടിക്കുകൾ 30 ശതമാനം കുറയ്ക്കാനായി
- കുഞ്ഞുങ്ങളിലെ വൃക്കരോഗത്തിന് പ്രതീക്ഷ ക്യാമ്പയിൻ
- രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രികളിൽ ഫാറ്റി ലിവർ ക്ലിനിക്
- ന്യൂറോ ഇന്റർവെൻഷൻ
- സ്കിൻ ബാങ്ക്

### മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ചരിത്ര മുന്നേറ്റം

- 2 മെഡിക്കൽ കോളേജുകൾ
- സർക്കാർ, സർക്കാർ അനുബന്ധ മേഖലയിൽ 15 നഴ്സിംഗ് കോളേജുകൾ
- സർക്കാർ മേഖലയിൽ മാത്രം പുതുതായി ആയിരത്തിൽ അധികം ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ
- ആദ്യമായി ദേശീയ റാങ്കിംഗ് പട്ടികയിൽ മെഡിക്കൽ കോളേജും ദന്തൽ കോളേജും
- മെഡിക്കൽ, നഴ്സിംഗ് സീറ്റുകളിൽ ഗണ്യമായ വർധന





**ലോക മുലയൂട്ടൽ വാരാചരണം – ആഗസ്റ്റ് 1 മുതൽ 7 വരെ**

# അമ്മയുടെ സ്നേഹം, മുലപ്പാലിലൂടെ

**ആഗസ്റ്റ് ഒന്ന് മുതൽ** ഏഴു വരെ ലോക മുലയൂട്ടൽ വാരാചരണമായി ആചരിക്കുന്നു. 2030–ഓടെ കേരളത്തിലെ എല്ലാ കുഞ്ഞുങ്ങൾക്കും (പ്രത്യേക സാഹചര്യങ്ങൾ ഒഴികെ) ജനിച്ച് ആദ്യ മണിക്കൂറിൽ തന്നെ അമ്മയുടെ മുലപ്പാൽ (കൊളസ്ട്രം) നൽകുന്നുവെന്ന് ഉറപ്പാക്കാനും ജനിച്ച് 6 മാസംവരെ മുലപ്പാൽ മാത്രം ഭക്ഷണമായി നൽകുന്നു എന്നും ഉറപ്പാക്കുന്നതിനും ബോധവത്കരണം ശക്തമാക്കുന്നതിനാണ് പ്രധാനമായും മുലയൂട്ടൽ വാരാചരണം സംഘടിപ്പിക്കുന്നത്. ഇത് സാധ്യമാക്കുന്നതിനുള്ള സാമൂഹിക പിന്തുണ വിവിധ തലങ്ങളിൽ ഉറപ്പാക്കുന്നതിനും വാരാചരണത്തിലൂടെ ലക്ഷ്യമിടുന്നു.

കുഞ്ഞുങ്ങൾക്ക് ലഭിക്കേണ്ട പോഷകസമൃദ്ധമായ ആഹാരമാണ് മുലപ്പാൽ. മുലപ്പാൽ എല്ലാം കൊണ്ടും ലക്ഷണമൊത്ത ഒരു സൂപ്പർ ഫുഡ് ആണ്.

പ്രസവിച്ചയുടനെ ഊറിവരുന്ന ഇളം മഞ്ഞ നിറത്തിലുള്ള പാലാണ് കൊളസ്ട്രം. പോഷകങ്ങൾ, ആന്റിബോഡികൾ എന്നിവ സമൃദ്ധമായി അടങ്ങിയിരിക്കുന്ന കൊളസ്ട്രം കുഞ്ഞിനെ അണുബാധയിൽ നിന്ന് സംരക്ഷിക്കാനും ദഹന വ്യവസ്ഥയുടെ പ്രവർത്തനങ്ങൾ വേഗത്തിൽ ആക്കാനും സഹായിക്കുന്നു.

ആറുമാസം വരെ മുലപ്പാൽ മാത്രം നൽകുന്നതിലൂടെ രോഗപ്രതിരോധശേഷി കൈവരിക്കുന്നതോടൊപ്പം ടൈപ്പ്–1 പ്രമേഹം, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, ദഹന പ്രശ്നങ്ങൾ എന്നിവയ്ക്കുള്ള സാധ്യത കുറയുകയും ചെയ്യുന്നു. കുഞ്ഞിന്റെ വളർച്ചയ്ക്ക് ആവശ്യമായ അന്നജം, പ്രോട്ടീൻ, കൊഴുപ്പ്, ലാക്ടോസ്, വിറ്റാമിനുകൾ, ധാതുക്കൾ, ലവണങ്ങൾ, എൻസൈമുകൾ മുതലായവ കുഞ്ഞിന് ഉചിതമായ അളവിലും ദഹിക്കാൻ എളുപ്പമുള്ള രൂപത്തിലും മുലപ്പാലിൽ അടങ്ങിയിരിക്കുന്നു. കൂടാതെ തലച്ചോറിന്റെ ശരിയായ വളർച്ചയ്ക്കും ബുദ്ധി വികാസത്തിനും ആവശ്യമായ ഘടകങ്ങളും കൃത്യമായ അളവിൽ അട

(പേജ് രണ്ടിൽ തുടർന്നു വായിക്കുക)



## ലോക മുലയൂട്ടൽ വാരാചരണം ആഗസ്റ്റ് 1 മുതൽ 7 വരെ

ങ്ങിയിരിക്കുന്നു. മുലപ്പാൽ മാത്രം കുടിക്കുന്നതിലൂടെ അണുബാധയുണ്ടാകാനുള്ള സാധ്യതയും അതിലൂടെ വയറിളക്കരോഗങ്ങൾ പിടിപെടുന്നതും കുറയ്ക്കുന്നു.

കൂടാതെ അമ്മയും കുഞ്ഞും തമ്മിലുള്ള ആത്മബന്ധം ഊട്ടിയുറപ്പിക്കുന്നതിന് സഹായകമായ മുലയൂട്ടൽ അമ്മയ്ക്കും ഗുണകരമാണ്. ഗർഭപാത്രം പൂർവ്വസ്ഥിതിയിൽ എത്തുന്നതിനും ഗർഭാവസ്ഥയ്ക്ക് മുമ്പുള്ള ശരീരഭാരത്തിലേയ്ക്ക് തിരിച്ചെത്തുന്നതിനും പ്രസവശേഷമുള്ള രക്തസ്രാവം, ഗർഭധാരണം, സ്തനാർബുദം എന്നിവയ്ക്കുള്ള സാധ്യത കുറയ്ക്കുന്നതിനും സഹായകരമാണ്. അതിനാൽ ആറുമാസം വരെ മുലപ്പാൽ അല്ലാതെ മറ്റൊന്നും കുഞ്ഞിനു ഭക്ഷണമായി കൊടുക്കേണ്ടതില്ല.

അമ്മമാർ മുലയൂട്ടൽ അവരുടെ കടമയായി ഏറ്റെടുക്കുകയും കുടുംബാംഗങ്ങൾ അവർക്ക് ആവശ്യമായ പിന്തുണയും സഹായവും ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. കുഞ്ഞുങ്ങൾക്ക് വേണ്ടി നമുക്ക് നൽകാൻ കഴിയുന്ന വിലയേറിയ നിക്ഷേപമാണ് മുലയൂട്ടൽ.



# കോന്നിയിൽ ആരോഗ്യം ഹൈ–ടെക്ക്

### ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ, എച്ച്.എൽ.എൽ ഫാർമസി നാടിന് സമർപ്പിച്ചു




കോന്നി മെഡിക്കൽ കോളജിലെ പുതിയ ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ, എച്ച്.എൽ.എൽ ഫാർമസി എന്നിവ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.ഉദ്ഘാടനം ചെയ്യുന്നു.

പത്തനംതിട്ട: സ്വകാര്യ ആശുപത്രികളെ വെല്ലുന്ന സൗകര്യമാണ് കോന്നി മെഡിക്കൽ കോളജിൽ ക്രമീകരിച്ചിരിക്കുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആധുനിക നിലവാരത്തിലുള്ള ചികിത്സ ഏറ്റവും വേഗതയിൽ ലഭ്യമാക്കുകയാണ് ലക്ഷ്യമെന്നും കോന്നി മെഡിക്കൽ കോളജിലെ പുതിയ ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ, എച്ച്.എൽ.എൽ ഫാർമസി എന്നിവ ഉദ്ഘാടനം ചെയ്ത് മന്ത്രി പറഞ്ഞു.

ലക്ഷ്യ നിലവാരത്തിൽ മൂന്നര കോടി രൂപ ചിലവഴിച്ചാണ് ലേബർ റൂമും ഓപ്പറേഷൻ തിയേറ്ററും നിർമിച്ചത്. 27,922 ചതുരശ്ര അടി വിസ്തീർണത്തിലാണ് ലേബർ റൂം. ഒപി, അൾട്രാ സൗണ്ട് സ്കാനിംഗ് റൂം, ട്രയേജ് ഏരിയ, ഗൈനക് മോഡുലാർ ഓപ്പറേഷൻ തിയേറ്റർ, മൈനർ ഓപ്പറേഷൻ തിയേറ്റർ, സെപ്റ്റിക് മോഡുലാർ ഓപ്പറേഷൻ തിയേറ്റർ, രണ്ട് എൽഡിആർ സ്യൂട്ടുകൾ, പ്രസവത്തിനായി എത്തുന്നവരുടെ ആദ്യ, രണ്ടാം, മൂന്നാം ഘട്ട ചികിത്സയ്ക്കുള്ള സൗകര്യം, റിക്കവറി റൂമുകൾ, വാർഡുകൾ, ഡെമോ റൂം, എച്ച്.ഡി.യു, ഐ.സി.യു, ഐസൊലേഷൻ യൂണിറ്റുകൾ എന്നിവയുണ്ട്.

27 ലക്ഷം രൂപ ചിലവഴിച്ചാണ് 500 ചതുരശ്ര അടി വിസ്തീർണമുള്ള എച്ച്.എൽ.എൽ. ഫാർമസി നിർമിച്ചത്. കഴിഞ്ഞ നാലു വർഷത്തിനിടെ 363 കോടി രൂപയുടെ വികസനം കോന്നി മെഡിക്കൽ കോളജിൽ നടന്നു. ആദ്യഘട്ടത്തിൽ 167.33 കോടി രൂപ ചെലവഴിച്ചു. എം.ബി.ബി.എസ് കോഴ്സിന്റെ നാലാം ബാച്ച് ഓഗസ്റ്റിൽ ആരംഭിക്കും. നിലവിൽ



300 കുട്ടികൾ പഠിക്കുന്നുണ്ട്. പിജി കോഴ്സ് തുടങ്ങാനുള്ള നടപടി പുരോഗമിക്കുന്നു.

പരിപാടിയിൽ കെ യു ജനീഷ് കുമാർ എം.എൽ.എ അധ്യക്ഷനായി. മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ ഇൻ ചാർജ് ഡോ. കെ വി വിശ്വനാഥൻ, അരുവാപ്പുലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇൻ ചാർജ് മണിയമ്മ രാമചന്ദ്രൻ നായർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ അനിതാ കുമാരി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ് ശ്രീകുമാർ, കോന്നി മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ഡോ. ആർ എസ് നിഷ, സൂപ്രണ്ട് ഡോ. എ ഷാജി, ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ബി സജിനി, ആശുപത്രി വികസന സമിതി അംഗങ്ങളായ രാജു നെടുവംപുറം, അമ്പിളി വർഗീസ്, റഷീദ് മുളന്തറ, എ.എസ്.എം ഹനീഫ, ടി.ഐ.എ മുത്തലിഫ്, എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് റീജിയണൽ മാനേജർ മധു മാധവൻ എന്നിവർ പങ്കെടുത്തു.

## 2.62 കോടി ജനങ്ങൾക്ക് സ്ഥിര യു.എച്ച്.ഐ.ഡി

# ക്യൂ നിൽക്കാതെ ഡോക്ടറെ കാണാം

തിരുവനന്തപുരം: സംസ്ഥാനത്തെ 800 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് സംവിധാനം സജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. മെഡിക്കൽ കോളേജുകളിലെ 18 സ്ഥാപനങ്ങൾ കൂടാതെ 33 ജില്ല/ജനറൽ ആശുപത്രികൾ, 88 താലൂക്ക് ആശുപത്രികൾ, 48 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 512 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 79 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 14 സ്പെഷ്യാലിറ്റി ആശുപത്രികൾ, 3 പബ്ലിക് ഹെൽത്ത് ലാബുകൾ, 5 മറ്റ് ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് ഇ ഹെൽത്ത് നടപ്പിലാക്കിയത്. തിരുവനന്തപുരം 121, കൊല്ലം 45, പത്തനംതിട്ട 27, ആലപ്പുഴ 49, കോട്ടയം 45, ഇടുക്കി 27, എറണാകുളം 83, തൃശൂർ 79, പാലക്കാട് 57, മലപ്പുറം 81, കോഴിക്കോട് 68, വയനാട് 33, കണ്ണൂർ 55, കാസർഗോഡ് 30 എന്നിങ്ങനെയാണ് ജില്ലാ അടിസ്ഥാനത്തിൽ ഇ ഹെൽത്ത് സജ്ജമാക്കിയത്. സംസ്ഥാനത്തെ മുഴുവൻ ആശുപത്രികളിലും ഇ ഹെൽത്ത് സംവിധാനം നടപ്പിലാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ രംഗത്ത് ഡിജിറ്റൽ സാങ്കേതികവിദ്യ വളരെ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഡിജിറ്റലായി പണമടയ്ക്കാനുള്ള സംവിധാനം, ഓൺലൈനായി ഒപി ടിക്കറ്റ്, എം–ഇഹെൽത്ത് ആപ്പ്, സ്കാൻ എൻ ബുക്ക് സംവിധാനങ്ങൾ എന്നിവ അടുത്തിടെ സജ്ജമാക്കി. ഇതുവരെ 2.62 കോടിയിലധികം ജനങ്ങൾ ഇ ഹെൽത്തിലൂടെ സ്ഥിര യു.എച്ച്.ഐ.ഡി. രജിസ്ട്രേഷൻ എടുത്തു. താത്കാലിക രജിസ്ട്രേഷനിലൂടെ 8.88 കോടിയിലധികമാണ് ചികിത്സ തേടിയത്. 15.27 ലക്ഷം പേരാണ് ഇ ഹെൽത്ത് സംവിധാനത്തിലൂടെ അഡ്മിറ്റായി ചികിത്സ തേടിയത്.

ഇ ഹെൽത്തിലൂടെ ആശുപത്രിയിൽ ക്യൂ നിൽക്കാതെ നേരത്തെ തന്നെ ഒപി ടിക്കറ്റ് എടുക്കാൻ കഴിയുന്നു. വീണ്ടും ചികിത്സ തേടണമെങ്കിൽ ആശുപത്രിയിൽ നിന്നും തന്നെ അഡ്വാൻസ് ടോക്ക് എടുക്കാനുള്ള സംവിധാനവും സജ്ജമാണ്. ഇ ഹെൽത്ത് പോർട്ടൽ (https://

eHealth Kerala
State Digital Health Mission

ehealth.kerala.gov.in) വഴിയും എം–ഇഹെൽത്ത് ആപ്പ് (https://play.google.com/store/apps/details?id=in.gov.kerala.ehealth.mhealth) വഴിയും അഡ്വാൻസ് ടോക്കൺ എടുക്കാം. ഇതിലൂടെ കാത്തിരിപ്പ് വളരെ കുറയ്ക്കാനാകും.

### എങ്ങനെ യുണിക്ക് ഹെൽത്ത് ഐഡി സൃഷ്ടിക്കും?

ഇ ഹെൽത്ത് വഴിയുള്ള സേവനങ്ങൾ ലഭിക്കുവാൻ ആദ്യമായി തിരിച്ചറിയൽ നമ്പർ സൃഷ്ടിക്കണം. അതിനായി https://ehealth.kerala.gov.in എന്ന പോർട്ടലിൽ കയറി രജിസ്റ്റർ ലിങ്ക് ക്ലിക്ക് ചെയ്യണം. അതിൽ ആധാർ നമ്പർ നൽകുക. തുടർന്ന് ആധാർ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിൽ ഒ.ടി.പി. വരും. ഈ ഒടിപി നൽകുമ്പോൾ ഓൺലൈൻ വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പർ ലഭ്യമാകും. ഇത് പോർട്ടൽ വഴി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ആദ്യതവണ ലോഗിൻ ചെയ്യുമ്പോൾ ഇത്തരത്തിലുള്ള 16 അക്ക വ്യക്തിഗത ആരോഗ്യ തിരിച്ചറിയൽ നമ്പറും പാസ് വേർഡും മൊബൈലിൽ മെസേജായി ലഭിക്കും. ഈ തിരിച്ചറിയൽ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ആശുപത്രികളിലേക്കുള്ള നിശ്ചിത തീയതിയിലും സമയത്തുമുള്ള അപ്പോയിന്റ്മെന്റ് എടുക്കാൻ സാധിക്കും.

### എങ്ങനെ അപ്പോയിന്റ്മെന്റ് എടുക്കാം?

ഒരു വ്യക്തിക്ക് ലഭിച്ച തിരിച്ചറിയൽ നമ്പരും പാസ് വേർഡും ഉപയോഗിച്ച് പോർട്ടലിൽ ലോഗിൻ ചെയ്ത ശേഷം ന്യൂ അപ്പോയിന്റ്മെന്റ് ക്ലിക്ക് ചെയ്യുക. റഫറൽ ആണെങ്കിൽ ആ വിവരം രേഖപ്പെടുത്തിയ ശേഷം ആശുപത്രി വിവരങ്ങളും ഡിപ്പാർട്ട്മെന്റും തെരഞ്ഞെടുക്കുക. തുടർന്ന് അപ്പോയിന്റ്മെന്റ് വേണ്ട തീയതി തെരഞ്ഞെടുക്കുമ്പോൾ ആ ദിവസത്തിൽ ലഭ്യമായ ടോക്കണുകൾ ദൃശ്യമാകും. രോഗികൾ അവർക്ക് സൗകര്യപ്രദമായ സമയമനുസരിച്ചുള്ള ടോക്കൺ എടുക്കാവുന്നതാണ്. തുടർന്ന് ടോക്കൺ പ്രിന്റും എടുക്കാവുന്നതാണ്. ടോക്കൺ വിവരങ്ങൾ എസ്.എം.എസ്. ആയും ലഭിക്കുന്നതാണ്. ഇത് ആശുപത്രിയിൽ കാണിച്ചാൽ മതിയാകും. പോർട്ടൽ വഴി അവരുടെ ചികിത്സാവിവരങ്ങൾ, ലാബ് റിസൾട്ട്, പ്രിസ്ക്രിപ്ഷൻ എന്നിവ ലഭ്യമാവുന്നതാണ്.

**സംശയങ്ങൾക്ക് ദിശ 104, 1056, 0471 2552056, 2551056 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.**

## സ്വകാര്യ ആശുപത്രിയിൽ കണ്ടെത്തിയില്ല

# തുണയായത് ആശ

പാലക്കാട്: പതിവായുള്ള ഗൃഹ സന്ദർശനത്തിനിടെ മൂന്നു മാസം പ്രായമുള്ള കുഞ്ഞിന് ഡൗൺ സിൻഡ്രോം കണ്ടെത്തി പ്രാരംഭ ഘട്ടത്തിൽ തന്നെ ചികിത്സ ഉറപ്പാക്കിയിരിക്കുകയാണ് കടമ്പഴിപ്പുറത്തെ ആശ പ്രവർത്തക രമണി. ഒറ്റപ്പാലത്തെ സ്വകാര്യ ആശുപത്രിയിൽ ജനിച്ച കുഞ്ഞിന് ഗർഭകാല സ്കാനിംഗിലോ ജനന ശേഷം നടത്തിയ സ്ക്രീനിംഗിലോ അസ്വാഭാവികമായി ഒന്നും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഗൃഹ കേന്ദ്രീകൃത ശിശു പരിപാലന(ഹോം ബേസ്ഡ് യംങ് ചൈൽഡ് കെയർ)ത്തിന്റെ ഭാഗമായി 12 ആഴ്ച്ച പിന്നിട്ട കുഞ്ഞിന്റെ ശാരീരീരികവും ബൗദ്ധികവുമായ വളർച്ചാ പുരോഗതി വിലയിരുത്തുന്നതിനായി വീട്ടിലെത്തിയ ആശ പ്രവർത്തക രമണിക്ക് കുഞ്ഞിന്റെ മുഖത്തിന്റെ രൂപ ലക്ഷണങ്ങളിലും ചലനങ്ങളിലും ചില വ്യത്യാസങ്ങൾ അനുഭവപ്പെട്ടു. അല്പം മേലോട്ട് ചെരിഞ്ഞ ദൃഷ്ടിയും ശബ്ദങ്ങളോടുള്ള പ്രതികരണക്കുറവും തീരെ കഴുത്തുറയ്ക്കായ്കയും ശ്രദ്ധയിൽപ്പെട്ട ആശ കുഞ്ഞിനെ തൊട്ടടുത്ത ദിവസം തന്നെ അടുത്തുള്ള അങ്കണവാടിയിലെ ഔട്ട് റീച്ച് ക്യാമ്പിലേക്ക് കൂടുതൽ പരിശോധനയ്ക്ക് എത്തിക്കാൻ മാതാപിതാക്കളോട് നിർദ്ദേശിച്ചു. ഇതിനു മുൻപ് സെറിബ്രൽ പാൾസിയുമായി ജനിച്ച കുഞ്ഞിനെ കുറച്ച് ദിവസങ്ങൾക്കകം നഷ്ടപ്പെട്ട അച്ഛനും അമ്മക്കും, ഈ കുഞ്ഞിനും ആരോഗ്യ പ്രശ്നങ്ങളുണ്ടെന്ന് പെട്ടെന്ന് അറിയിക്കുന്നതും എളുപ്പമായിരുന്നില്ല.



തൊട്ടടുത്ത ജനകീയാരോഗ്യ കേന്ദ്രത്തിലെത്തിച്ച കുഞ്ഞിനെ RBSK നേഴ്സ് കൂടുതൽ വിശദമായി പരിശോധിച്ചപ്പോഴാണ് ഡൗൺ സിൻഡ്രോം എന്ന് പ്രത്യക്ഷത്തിൽ സംശയിക്കാവുന്ന സൂചനകൾ കണ്ടെത്തിയത്. കുടുംബത്തെ ഏറെക്കാലമായി വ്യക്തിപരമായിക്കൂടി അറിയുന്ന RBSK നേഴ്സ് രജനി പതുക്കെ മാതാപിതാക്കളെ കാര്യങ്ങൾ ധരിപ്പിച്ചു. തുടർന്ന് കടമ്പഴിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിലെത്തിച്ച് ശിശുരോഗ വിദഗ്ധന്റെ നേതൃത്വത്തിൽ സമഗ്രമായ പരിശോധനകൾ നടത്തുകയും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലേക്ക് (DEIC) എത്തിക്കുകയും ചെയ്തു. മാതാപിതാക്കൾക്ക് സാഹചര്യം ഉൾക്കൊള്ളുന്നതിന് വേണ്ട കൗൺസിലിംഗ് നൽകുകയും ചെയ്തു. ആദ്യഘട്ടത്തിൽ അവർക്ക് ഈ വാർത്ത ഏറെ ഹൃദയഭേദകമായിരുന്നു. എന്നാൽ ഡൗൺ സിൻഡ്രോം എന്താണെന്നും ഇത് നേരത്തെ കണ്ടെത്തി ഓരോ ഘട്ടത്തിലും ഫലപ്രദമായ ഇടപെടൽ നടത്തി കുഞ്ഞിന്റെ ശാരീരിക, ബൗദ്ധിക വികാസത്തിൽ ഏറെ പുരോഗതി കൊണ്ടുവരാനാവുമെന്നും പതിയെ അവരെ ബോധ്യപ്പെടുത്താനായി.

പ്രസവം നടന്നത് ഒരു മുൻനിര സ്വകാര്യ ആശുപത്രിയിൽ ആയിട്ടും കുഞ്ഞിന് ഇത്തരമൊരു ആരോഗ്യ പ്രശ്നം ഉള്ളത് കണ്ടെത്താനായില്ല, എന്നാൽ ആശ പ്രവർത്തകയുടെ കരുതലാണ് കുഞ്ഞിന് തുണയായത്. കണ്ടെത്താൻ കാലതാമസം വരുന്നത് ഡൗൺ സിൻഡ്രോം ബാധിതരുടെ ജീവിതം അത്രമേൽ സങ്കീർണ്ണമാക്കും. ശരിയായ സമയത്തുള്ള രോഗ നിർണ്ണയവും ചികിത്സയും തെറാപ്പികളും കൊണ്ട് ഏറെ മെച്ചപ്പെട്ട സാമൂഹിക ജീവിതം ഡൗൺ സിൻഡ്രോം ബാധിതർക്ക് ഉറപ്പാക്കാനാവും. കുഞ്ഞുങ്ങളുടെ വളർച്ചയുടെ നാഴികക്കല്ലുകൾ കൃത്യമായി പരിശോധിക്കുന്നതിനും അപകട സൂചനകൾ തിരിച്ചറിഞ്ഞ് വേണ്ട ഇടപെടൽ നടത്തുന്നതിനുമായി സർക്കാർ ആശ പ്രവർത്തകർ വഴി നടപ്പാക്കുന്ന ഗൃഹ കേന്ദ്രീകൃത ശിശു പരിപാലനത്തിലൂടെ ഇതുപോലെ നിരവധി കുഞ്ഞുങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്താനായിട്ടുണ്ട് എന്നത് അഭിമാനാർഹമാണ്.

കടമ്പഴിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിലെയും ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രത്തിലെയും ആരോഗ്യപ്രവർത്തകരുടെ പ്രചോദനവും പിന്തുണയും കരുത്താക്കി കൃത്യമായ തുടർ പരിചരണത്തിനും തെറാപ്പികൾക്കും കുഞ്ഞിനെ നിശ്ചിത ഇടവേളകളിൽ അച്ഛനമ്മമാർ എത്തിക്കുകയും വളർച്ചയുടെ ഓരോ ഘട്ടത്തിലും സൂക്ഷ്മമായ നിരീക്ഷണം ഉറപ്പ് വരുത്തുകയും ചെയ്തുവരുന്നു.



## ബിജിലാൽ യാത്രയായി

# ആറ് പേർക്ക് പുതുജീവൻ നൽകി

തിരുവനന്തപുരം: സർക്കാർ മെഡിക്കൽ കോളേജിൽ മസ്തിഷ്കമരണമടഞ്ഞ തിരുവനന്തപുരം കിഴാറൂർ പശുവെണ്ണറ, കാറാത്തലവിള ബിജിലാൽ കൃഷ്ണ (42) ആറ് പേർക്ക് പുതുജീവനേകും.

ബൈക്ക് അപകടത്തെ തുടർന്ന് മസ്തിഷ് കമരണം സംഭവിച്ച ബിജിലാലിന്റെ രണ്ട് വൃക്കയും കരളും ഹൃദയവാൽവും രണ്ട് നേത്രപടലങ്ങളുമാണ് കേരളത്തിലെ വിവിധ ആശുപത്രികളിൽ കഴിയുന്ന രോഗികൾക്ക് ദാനം ചെയ്തത്. ഒരു വൃക്ക തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലേക്കും മറ്റൊരു വൃക്കയും കരളും തിരുവനന്തപുരം കിംസ് ആശുപത്രിയിലേക്കും ഹൃദയ വാൽവ് ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിലേക്കും നേത്രപടലം തിരുവനന്തപുരം റീജിയനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിലേക്കുമാണ് നൽകിയത്.

2025 ജൂലൈ ഏഴിന് രാവിലെ 5.50നാണ് തിരുവനന്തപുരം കവടിയാറിൽ ബിജിലാൽ കൃഷ്ണ സഞ്ചരിച്ച ബൈക്ക് വാട്ടർ ടാങ്ക് ലോറിയുമായി കൂട്ടിയിടിച്ച് അപകടമുണ്ടായത്. ഗുരുതരമായി പരുക്കേറ്റ ബിജിലാലിനെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. ജൂലൈ 17ന് മസ്തിഷ്കമരണം സ്ഥിരീകരിച്ചതിനെ തുടർന്ന് ബന്ധുക്കൾ അവയവദാനത്തിന് തയ്യാറാവുകയായിരുന്നു. അവയവദാനത്തിന് തയ്യാറായ ബിജിലാലിന്റെ കുടുംബത്തിന് ആരോഗ്യ, വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് നന്ദി അറിയിച്ചു. കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേരുന്നതായും മന്ത്രി പറഞ്ഞു. കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യു ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷന്റെ (കെ-സോട്ടോ) നേതൃത്വത്തിലാണ് അവയവമാറ്റ നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്.

കാട്ടാക്കട, മാറാനല്ലൂരിന് അടുത്ത് പുന്നാവൂരിൽ സലൂൺ നടത്തുകയായിരുന്നു ബിജിലാൽ. സഹോദരി: വിജി, സഹോദരി ഭർത്താവ്: ജയകൃഷ്ണൻ.

**ഗുരുതരമായി പരുക്കേറ്റ ബിജിലാലിനെ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. ജൂലൈ 17ന് മസ്തിഷ്കമരണം സ്ഥിരീകരിച്ചതിനെ തുടർന്ന് ബന്ധുക്കൾ അവയവദാനത്തിന് തയ്യാറാവുകയായിരുന്നു.**



## പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക്

# കാൻസർ പ്രതിരോധ വാക്സിൻ ഉടൻ ലഭ്യമാക്കും



സംസ്ഥാനത്ത് ഗർഭാശയഗള കാൻസർ പ്രതിരോധത്തിനായി പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക് എച്ച്.പി.വി വാക്സിനേഷൻ ആരംഭിക്കും. ടെക്നിക്കൽ കമ്മിറ്റി യോഗം ചേർന്ന് വാക്സിൻ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കും. സ്ത്രീകളെ ഏറ്റവും അധികം ബാധിക്കുന്ന കാൻസറുകളിലൊന്നാണ് ഗർഭാശയഗള കാൻസർ. 9 മുതൽ 14 വയസുവരെയാണ് എച്ച്.പി.വി വാക്സിൻ ഏറ്റവും ഫലപ്രദം. അതേസമയം 26 വയസുവരെ എച്ച്.പി.വി വാക്സിൻ നൽകാവുന്നതാണ്. വാക്സിൻ കൊണ്ട് പ്രതിരോധിക്കാൻ സാധിക്കുന്നതാണ് ഗർഭാശയഗള കാൻസർ. ഇത് മുന്നിൽ കണ്ടാണ് സംസ്ഥാനത്ത് പരിപാടി നടപ്പാക്കുന്നത്.

ഗർഭാശയഗള കാൻസർ മുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാനായി സംസ്ഥാനം വലിയ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. എച്ച്.പി.വി വാക്സിനേഷൻ സംബന്ധിച്ച അവബോധ ക്യാമ്പയിനും സംഘടിപ്പിക്കും. സ്കൂൾ തലത്തിൽ വിദ്യാർത്ഥിനികൾക്കും രക്ഷകർത്താക്കൾക്കും പ്രത്യേക അവബോധം നൽകും.

കാൻസർ പ്രതിരോധത്തിനായി ആരോഗ്യ വകുപ്പ് ശക്തമായ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കാൻസർ കെയർ ഗ്രിഡ് രൂപീകരിച്ച് രോഗനിർണയവും ചികിത്സയും ഏകോപിപ്പിച്ചു. കാൻസർ പ്രതിരോധത്തിന്റെ ഭാഗമായി 'ആരോഗ്യം ആനന്ദം അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ സ്ക്രീനിങ്ങ് ക്യാമ്പയിൻ ആരംഭിക്കുകയും 17 ലക്ഷത്തിലധികം പേരെ സ്ക്രീനിംഗ് നടത്തുകയും ചെയ്തു.




## മലപ്പുറത്ത്

# ഇനി ആരോഗ്യം ഈസിയാണ്



മലപ്പുറം: ഡോക്ടറെ കാണാൻ കാത്തു കെട്ടിക്കിടക്കുന്ന നീണ്ട വരികളും ആവശ്യത്തിന് മരുന്നുകളില്ലാത്ത കൗണ്ടറുകളും സ്ഥലപരിമിതി മൂലം വാർഡുകൾക്ക് മുന്നിൽ നിസ്സഹായരായി നിന്ന രോഗികളും നിറഞ്ഞ സർക്കാർ ആശുപത്രികൾ ഒരു കാലത്ത് നാടിന്റെ നോവായിരുന്നു. എന്നാൽ ഇന്ന് ആ ചിത്രം അടിമുടി മാറി. മികവുറ്റ ചികിത്സയും സൗകര്യങ്ങളും എല്ലാവർക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ 14 അർബൻ പി.എച്ച്.സികളും അതിന് കീഴിലായി 38 നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളും (അർബൻ ഹെൽത്ത് ആൻഡ് വെൽനെസ് സെന്റർ) പുതുതായി സ്ഥാപിച്ചത്.

ആരോഗ്യമേഖലക്ക് പുത്തൻ ഉണർവേകി നഗര കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഇനി സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നു. ഗ്രാമപദേശങ്ങളിലെന്ന പോലെ നഗര പ്രദേശങ്ങളിലെയും ജനതയുടെ ആരോഗ്യ സംരക്ഷണത്തിന് മികച്ച കരുതൽ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഇത് നടപ്പിലാക്കിയത്. ഇത്തരത്തിൽ നഗരാരോഗ്യകേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ സാധിച്ചു. ജില്ലയിലെ 14 നഗരാരോഗ്യകേന്ദ്രങ്ങളിലും ഇന്ന് സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. പീഡിയാട്രീഷൻ, ഗൈനക്കോളജിസ്റ്റ്, ഇ.എൻ.ടി, ഓഫ്താൽമോളജിസ്റ്റ്, സൈക്കാട്രിസ്റ്റ്, ഡയറ്റീഷൻ, ഒപ്ടോമെട്രിസ്റ്റ് തുടങ്ങിയ സ്പെഷലിസ്റ്റ് ഡോക്ടറുടെ സേവനമാണ് നഗരാരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാകുന്നത്. ഇതു കൂടാതെ ഗ്രാമങ്ങളിലെ ജനകീയാരോഗ്യകേന്ദ്രങ്ങളുടെ മാതൃകയിൽ ഡോക്ടറുടെ സേവനത്തോടുകൂടി ഓരോ അർബൻ പ്രൈമറി ഹെൽത്ത് സെന്ററിന് കീഴിലും മൂന്നോളം നഗര ജനകീയാരോഗ്യകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ജില്ലയിലെ 14 യു.പി.എച്ച്.സിക്ക് കീഴിലായി 38 അർബൻ ജനകീയാരോഗ്യകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

ഇതു കൂടാതെ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ, ഫീൽഡ് തല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യക്യാമ്പുകളും ബോധവൽക്കരണ പ്രവർത്തനങ്ങളും നടന്നു വരുന്നു. കൂടാതെ ഇ–സഞ്ജീവനി ടെലി മെഡിസിൻ കൺസൾട്ടേഷനിലൂടെ സൂപ്പർസെഷാലിറ്റി സേവനങ്ങളും ലഭ്യമാക്കുന്നു.

സൗജന്യം, മികച്ച സേവനം സ്വകാര്യ ആശുപത്രികളിൽ വലിയ തുക ഈടാക്കുന്ന പല ചികിത്സകളും സേവനങ്ങളും ഈ കേന്ദ്രങ്ങളിൽ പൂർണ്ണമായും സൗജന്യമാണ്. ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സുമാർ, ഒരു ഫാർമസിസ്റ്റ് എന്നിവരുടെ സേവനം ഓരോ കേന്ദ്രത്തിലും ലഭ്യമാണ്.

ഡെങ്കിപ്പനി, മലേറിയ ഉൾപ്പെടെ 14–ഓളം രോഗങ്ങൾക്കുള്ള നിർണയ പരിശോധനകളും ഇവിടെ നടത്തുന്നുണ്ട്. ജനസംഖ്യ കൂടുതലുള്ള മലപ്പുറത്തെ നഗര പ്രദേശങ്ങൾക്ക് അനുഗ്രഹമാകുകയാണ് ഈ ആതുരാലയങ്ങൾ .

**പുതുതായി നിർമിച്ച നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ(38)**

**കൊണ്ടോട്ടി:** –ചെമ്മലപറമ്പ്, മേലേപറമ്പ്, നീറാട്. **കോട്ടക്കൽ:**– ആമപ്പാറ, മരവെട്ടം, പാപ്പായി.
**മലപ്പുറം:** –ആലത്തൂർപടി , കാട്ടുങ്ങൽ, നൂറേങ്ങൻമുക്ക്.
**നിലമ്പൂർ:**– ബീരാൻ കോളനി, പട്ടാറക്ക, രാമൻകുത്ത്.
**പരപ്പനങ്ങാടി:** – ഉള്ളനം, കോട്ടത്തല, പുത്തൻകടപ്പുറം.
**പെരിന്തൽമണ്ണ:**– ജൂബിലി റോഡ്, നാരങ്ങാ കുണ്ട്, മമ്പ്രപ്പടി.
**പൊന്നാനി:**– കുറ്റിക്കാട്, പുതുപൊന്നാനി, വിപ്പേട്ട, കടവനാട്.
**തിരൂർ:**– ഇല്ലത്തപാടം, നടുവിലങ്ങാടി.
**താനൂർ:**– കണ്ണാന്തളി, കാരാട്.
**തിരൂരങ്ങാടി:**– ചുള്ളിപാറ, കോയിൽപ്പടി, പതിനാറുങ്കൽ.
**വളാഞ്ചേരി:**– കഞ്ഞിപ്പുര, കാട്ടിപറമ്പ്, കൊളമങ്കലം.
**മഞ്ചേരി:**–പിലാക്കൽ, വട്ടപ്പാറ, തോട്ടുപൊയിൽ, നെല്ലിക്കുത്ത്, പുല്ലൂര്, വീമ്പൂർ.

## ഹൃദയം മിടിക്കാൻ സങ്കീർണ്ണ ശസ്ത്രക്രിയ

# 15 ലക്ഷം രൂപയുടെ സർജറി സൗജന്യം



അതിസങ്കീർണ്ണമായ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയ ആലപ്പുഴ മെഡിക്കൽ കോളേജിലെ മെഡിക്കൽ ടീം രോഗിയോടൊപ്പം.

ആലപ്പുഴ: ഹൃദയത്തിൽ നിന്നും തലച്ചോറിലേക്ക് രക്തം എത്തിക്കുന്ന പ്രധാന രക്തധമനിയിലെ അപൂർവ വീക്കം ബാധിച്ച കാർത്തികപ്പള്ളി സ്വദേശിയായ പുത്തൻമണ്ണേൽ രണദേവിന് (66) ആലപ്പുഴ മെഡിക്കൽ കോളേജിലെ ഹൃദയ ശസ്ത്രക്രിയ വിഭാഗം ഡോക്ടർമാർ അതിസങ്കീർണ്ണമായ ശസ്ത്രക്രിയയിലൂടെ പുതുജീവൻ സമ്മാനിച്ചു. 10 മണിക്കൂറോളം നീണ്ട ശസ്ത്രക്രിയയിലൂടെയാണ് രോഗിയുടെ ജീവൻ രക്ഷിക്കാനായത്.

വീക്കം മഹാധമനിയുടെ പ്രധാന ഭാഗത്തായിരുന്നതിനാൽ ഹൃദയത്തിന്റെ പ്രവർത്തനം പൂർണ്ണമായി നിർത്തി ഹാർട്ട് ലങ് മെഷീൻ ഉപയോഗിച്ച് തലച്ചോറിലേക്കും മറ്റ് അവയവങ്ങളിലേക്കുമുള്ള നിയന്ത്രിതമായ രക്ത ചംക്രമണം ഉറപ്പാക്കുകയായിരുന്നു പ്രധാന വെല്ലുവിളി. നാലു മണിക്കൂറോളം ഹാർട്ട് ലങ് മെഷീന്റെ സഹായത്തോടെ ശസ്ത്രക്രിയ വിജയകരമായി നടത്തുകയും വീക്കം വന്ന ഭാഗം നീക്കം ചെയ്തു കൃത്രിമ രക്തധമനി വെച്ച് പിടിപ്പിക്കുകയും ചെയ്തു.

ലക്ഷത്തിൽ ഒരാൾക്ക് മാത്രം കണ്ടുവരുന്ന അപൂർവ്വ രോഗാവസ്ഥയാണിത്. സ്വകാര്യ ആശുപത്രികളിൽ 15 ലക്ഷം രൂപവരെ ചെലവ് വരുന്ന ഈ അപൂർവ ശസ്ത്രക്രിയ സർക്കാർ ആശുപത്രിയിൽ സൗജന്യമായാണ് ചെയ്തത്. ശസ്ത്രക്രിയയ്ക്ക് ശേഷം 48 മണിക്കൂർ വെന്റിലേറ്റർ സഹായത്തോടെ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സ നൽകി. പിന്നീട് ബോധം വീണ്ടെടുത്ത രോഗിയെ ഐ.സി.യുവിൽ അഞ്ചുദിവസം പരിചരിക്കുകയും തുടർന്ന് വാർഡിലേക്ക് മാറ്റുകയും ചെയ്തു.

സർജറിയിൽ ആവശ്യമായ വിലകൂടിയ ഉപകരണങ്ങൾ സംസ്ഥാന സർക്കാരിന്റെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെയാണ് (കാസ്പ്) ലഭ്യമാക്കിയത്. ആശുപത്രി സൂപ്രണ്ട് ഡോ. എ ഹരികുമാർ, കാസ്പ് ജീവനക്കാർ തുടങ്ങിയവരുടെ ഇടപെടലിന്റെ ഫലമായാണ് സൗജന്യമായി ശസ്ത്രക്രിയ ഉപകരണങ്ങൾ ലഭ്യമാക്കാനായത്.

ശസ്ത്രക്രിയയിൽ ഡോ. വി സുരേഷ് കുമാർ, കെ ടി ബിജു, ഡോ. ആനന്ദകുട്ടൻ, ഡോ. കൊച്ചുകൃഷ്ണൻ, ഡോ. വീണ, ഡോ. ഹരികുമാർ, ഡോ.ബിറ്റു, ഡോ.അനാമിക, ഡോ.ചോവങ്ങ് തുടങ്ങിയ വിദഗ്ധർ പങ്കാളികളായി.

## പൊള്ളലേറ്റവർക്ക് ലോകോത്തര നൂതന ചികിത്സാ സംവിധാനം

# കേരളത്തിൽ ആദ്യമായി സ്കിൻ ബാങ്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ



തിരുവനന്തപുരം: കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക് സജ്ജമായി. 6.75 കോടി രൂപ ചെലവഴിച്ചാണ് സ്കിൻ ബാങ്ക് സജ്ജമാക്കിയിരിക്കുന്നത്. സ്കിൻ ബാങ്കിനാവശ്യമായ സംവിധാനങ്ങൾ ഉൾപ്പെടെ മെഡിക്കൽ കോളേജിൽ സജ്ജമാക്കിയിട്ടുണ്ട്. അവയവദാന പ്രക്രിയയിലൂടെ ത്വക്ക് ലഭ്യമാക്കാനായി കെ സോട്ടോയുടെ അനുമതിയും ലഭ്യമായി.

ശരീരത്തിലെ പൊള്ളലേറ്റ ഭാഗങ്ങൾ മാറ്റിവെയ്ക്കുന്നതിനായി ദാതാക്കളിൽ നിന്ന് ശേഖരിക്കുന്ന ചർമ്മം സൂക്ഷിക്കുന്ന ഇടമാണ് സ്കിൻ ബാങ്ക്. അപകടങ്ങളിൽ ഗുരുതരമായി പൊള്ളലേൽക്കുന്നവർക്ക് അവരുടെ സ്വന്തം ചർമ്മം ഉപയോഗിക്കാൻ സാധിക്കാതെ വരുമ്പോൾ, സ്കിൻ ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന ചർമ്മം നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ വച്ചുപിടിപ്പിക്കുന്നു. ഇത് രോഗിയുടെ വേദന കുറയ്ക്കാനും അണുബാധ തടയാനും വേഗത്തിൽ സുഖം പ്രാപിക്കാനും ജീവൻ രക്ഷിക്കാനും സഹായിക്കുന്നു. പ്രത്യേക താപനിലയിലും സംവിധാനത്തിലുമാണ് ചർമ്മം സംരക്ഷിക്കുന്നത്.

പ്ലാസ്റ്റിക് സർജറി വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് ബേൺസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. പൊള്ളലേറ്റവർക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രധാന മെഡിക്കൽ കോളേജുകളിൽ ബേൺസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതോടൊപ്പം ആലപ്പുഴ, കണ്ണൂർ, കൊല്ലം മെഡിക്കൽ കോളേജുകളിൽ ഈ സർക്കാരിന്റെ കാലത്തു പ്ലാസ്റ്റിക് സർജറി വിഭാഗം ആരംഭിക്കുകയും, തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശൂർ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള ബേൺസ് യൂണിറ്റുകൾ വിജയകരമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. എറണാകുളം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും ബേൺസ് യൂണിറ്റുകളുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ബേൺസ് യൂണിറ്റ് സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

മെഡിക്കൽ കോളേജുകളിലെ ബേൺസ് ഐസിയുവിൽ സജ്ജമാക്കിയ തീവ്ര പരിചരണ സംവിധാനത്തിലൂടെ അണുബാധയേൽക്കുന്നത് പരമാവധി കുറയ്ക്കാനും എത്രയും വേഗം രോഗിക്ക് ആശ്വാസം ലഭിക്കാനും ജീവിതത്തിലേക്ക് മടക്കി കൊണ്ടു വരുവാനും സഹായിക്കും. 10 ശതമാനത്തിലധികം പൊള്ളലേറ്റ രോഗികൾക്കുള്ള വിദഗ്ധ ചികിത്സയാണ് ബേൺസ് ഐസിയുവിലൂടെ നൽകുന്നത്.

# 7 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം

### ആകെ 240 സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്




തിരുവനന്തപുരം: സംസ്ഥാനത്തെ 7 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചു. പാലക്കാട് കൊപ്പം സാമൂഹികാരോഗ്യ കേന്ദ്രം 97.63 ശതമാനം, കോഴിക്കോട് കുന്നമംഗലം കുടുംബാരോഗ്യ കേന്ദ്രം 90.75 ശതമാനം, കാസർഗോഡ് ചട്ടഞ്ചാൽ കുടുംബാരോഗ്യ കേന്ദ്രം 86.88 ശതമാനം, കോഴിക്കോട് പെരുമണ്ണ കുടുംബാരോഗ്യ കേന്ദ്രം 95.08 ശതമാനം, കാസർഗോഡ് പാണത്തൂർ കുടുംബാരോഗ്യ കേന്ദ്രം 85.88 ശതമാനം, വയനാട് ബേഗൂർ കുടുംബാരോഗ്യ കേന്ദ്രം 98.79 ശതമാനം, കോഴിക്കോട് ചാലിയം കുടുംബാരോഗ്യ കേന്ദ്രം 94.47 ശതമാനം, എന്നീ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് പുതുതായി എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്.

ഇതോടെ സംസ്ഥാനത്ത് ആകെ 240 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചു. ഇത് കൂടാതെ 14 ആശുപത്രികൾക്ക് ദേശീയ ലക്ഷ്യ സർട്ടിഫിക്കേഷനും 5 ആശുപത്രികൾക്ക് ദേശീയ മുസ്കാൻ അംഗീകാരവും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 7 ജില്ലാ ആശുപത്രികൾ, 5 താലൂക്ക് ആശുപത്രികൾ, 12 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 46 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 160 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 10 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്.

എൻ.ക്യു.എ.എസ് അംഗീകാരത്തിന് മൂന്ന് വർഷത്തെ കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുനഃപരിശോധന ഉണ്ടാകും. കൂടാതെ വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും. എൻ.ക്യു.എ.എസ്. അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾ, നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് 2 ലക്ഷം രൂപ വീതവും, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18,000 രൂപ വീതവും മറ്റ് അശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസെന്റീവ് ലഭിക്കും.




# മൾട്ടി സ്പെഷ്യലാണ് കൂത്തുപറമ്പ് താലൂക്ക് ആശുപത്രി




കണ്ണൂർ: കൂത്തുപറമ്പിൽ ആധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം ഉദ്ഘാടനത്തിനൊരുങ്ങുന്നു. കൂത്തുപറമ്പിലെയും സമീപ പഞ്ചായത്തുകളിലെയും ജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുന്ന ആതുരശുശ്രൂഷാ സ്ഥാപനമാണ് കൂത്തുപറമ്പ് ഗവ. താലൂക്ക് ആശുപത്രി. സർക്കാർ മേഖലയിൽ നിർമ്മിക്കുന്ന ഏറ്റവും വലിയ മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടമാണിത്. പരിമിതികൾ മറികടന്ന് മികച്ച ആരോഗ്യസേവനങ്ങൾ ഉറപ്പുവരുത്താൻ ഉതകുന്ന വിധത്തിലാണ് ജില്ലയിലെ ഏറ്റവും വലിയ താലൂക്ക് ആശുപത്രി കെട്ടിടം സജ്ജമാകുന്നത്. 2020ൽ മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിട്ട ഈ പദ്ധതി 59.23 കോടി രൂപ ചെലവിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയാണ് നിർമ്മിക്കുന്നത്. 52.30 കോടി നബാർഡ് വായ്പയും ബാക്കി സംസ്ഥാന സർക്കാർ വിഹിതവുമാണ്.

രണ്ട് ബേസ്മെന്റുകൾ ഉൾപ്പെടെ പന്ത്രണ്ട് നിലകളുള്ള ഈ കെട്ടിടം സ്വകാര്യ ആശുപത്രികളെ വെല്ലുന്ന ആധുനിക സൗകര്യങ്ങളോടെയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. മലിനജല ശുദ്ധീകരണ പ്ലാന്റ്, ഇലക്ട്രിക്കൽ റൂം, അത്യാഹിത വിഭാഗം, ഒ.പി. വിഭാഗം, ലാബ്, എമർജൻസി ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം, ഒഫ്താൽമോളജി ഓപ്പറേഷൻ തിയേറ്റർ, മെഡിസിൻ ഐ.സി.യു., സർജിക്കൽ ഐ.സി.യു, പോസ്റ്റ്ഓപ്പറേറ്റീവ് വാർഡ്, സ്ത്രീ പുരുഷ സർജിക്കൽ വാർഡുകൾ, സ്ത്രീ പുരുഷ മെഡിക്കൽ വാർഡുകൾ, സ്ത്രീ പുരുഷ പോസ്റ്റ് ഓപ്പറേഷൻ വാർഡുകൾ, കുട്ടികളുടെ വാർഡ്, പോസ്റ്റ് നാറ്റൽ വാർഡ്,സ്റ്റാഫ് റൂം, ചേഞ്ചിങ്ങ് റൂം, ഫാർമസി, മോർച്ചറി തുടങ്ങിയവയെല്ലാം ഇവിടെ ഒരുക്കിയിട്ടുണ്ട്. ഡ്രഗ് സ്റ്റോർ, ഡയാലിസിസ് യൂണിറ്റ്, ഫിസിയോതെറാപ്പി സെന്റർ, പി പി യൂണിറ്റ് എന്നിവ നിലവിലുള്ള സ്ഥലത്ത് തുടരും.

നിലവിൽ പ്രവർത്തിച്ചു വരുന്ന കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ ദിവസേന ആയിരത്തഞ്ഞൂറോളം പേർ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടുന്നു. പരിമിതികൾക്കിടയിലും മികച്ച സേവനമാണ് ജീവനക്കാർ നൽകുന്നത്. ഡയാലിസിസ്, ഫിസിയോതെറാപ്പി തുടങ്ങിയ വിഭാഗങ്ങളിലെ സേവനങ്ങൾ ആശ്രയിക്കുന്നവരുടെ എണ്ണവും വർധിച്ചു വരികയാണ്. മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടത്തിന്റെ അന്തിമ മിനുക്കുപണികളാണ് ഇപ്പോൾ നടന്നുവരുന്നത്. ഉപകരണങ്ങളും ഫർണിച്ചറുകളും സ്ഥാപിച്ച് ഉടൻ ഉദ്ഘാടനത്തിന് തയ്യാറെടുക്കുകയാണ് അധികൃതർ.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**ഡോ. വിനയ് ഗോയൽ ഐ.എ.എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

സീനിയർ എഡിറ്റർ
**ഡോ. രാഹുൽ യു.ആർ**
സ്റ്റേറ്റ് നോഡൽ ഓഫീസർ
ബി.സി.സി

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ

**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡി&സി), ഇടുക്കി

**ഡാനി പ്രിയൻ**
കൺസൾട്ടന്റ് (ഡി&സി), തൃശ്ശൂർ

**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡി&സി), കോഴിക്കോട്

**വിനു എ**
കൺസൾട്ടന്റ് (ഡി&സി), എറണാകുളം

**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡി&സി), കോട്ടയം

**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ് (ഡി&സി), ആലപ്പുഴ

**വർഷ ജയപ്രകാശ്**
കൺസൾട്ടന്റ് (ഡി&സി), തിരുവനന്തപുരം

**പ്രീത എം**
ജെ.സി (ഡി&സി), പാലക്കാട്

**ദിവ്യ ഇ ആർ**
കൺസൾട്ടന്റ് (ഡി&സി), മലപ്പുറം

**ബിൻസി രവീന്ദ്രൻ**
കൺസൾട്ടന്റ് (ഡി&സി), കണ്ണൂർ

**കമൽ കെ ജോസഫ്**
ജെ.സി (ഡി&സി), കാസറഗോഡ്

**നിജിൽ കെ എസ്**
ജെ.സി (ഡി&സി), വയനാട്

**അജിത് കുമാർ പി എ**
ജെ.സി (ഡി&സി), പത്തനംതിട്ട

**അശ്വിനി രവീന്ദ്രൻ**
ജെ.സി (ഡി&സി), കൊല്ലം

**ശ്രീദേവി കെ എസ്**
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്

# സ്റ്റോപ്പ് ഡയറിയ ക്യാമ്പയിൻ

കാസറഗോഡ്: വയറിളക്ക രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി കേരള സർക്കാർ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന 'സ്റ്റോപ്പ് ഡയറിയ' ക്യാമ്പയിന്റെ ഭാഗമായി ജില്ലയിൽ പ്രതിരോധ പ്രവർത്തനം ഊർജിതപ്പെടുത്തി. സ്റ്റോപ്പ് ഡയറിയ ക്യാമ്പയിൻ, ഓ ആർ എസ് വാരാചരണം, ഓ ആർ എസ് ദിനാചരണം എന്നിവയുടെ ജില്ലാതല ഉദ്ഘാടനവും സെമിനാറും മംഗൽപാടി ഗ്രാമ പഞ്ചായത്ത്കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷമീന ടീച്ചർ ഉദ്ഘാടനം ചെയ്തു. മംഗൽപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റുബീന നൗഫൽ അധ്യക്ഷയായി.

കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ദേശീയാരോഗ്യ ദൗത്യം, ജില്ലാ കുടുംബശ്രീ മിഷൻ, ഐ എ പി കാസറഗോഡ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. വയറിളക്ക രോഗ ചികിത്സയിൽ ORS ന്റെ പ്രാധാന്യം, ORS തയ്യാറാക്കുന്ന വിധം, വയറിളക്ക രോഗപ്രതിരോധത്തിൽ ആഹാര, പാനീയ, വ്യക്തി ശുചിത്വത്തിന്റെ പ്രാധാന്യം, നിർജലീകരണത്തിന്റെ അപകടം തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കാനാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി നടന്ന ബോവൽക്കരണ സെമിനാറിൽ ശശു രോഗ വിദഗ്ധനും ഐ എ പി കാസറഗോഡ് ചാപ്റ്റർ പ്രസിഡന്റുമായ ഡോ. ദിവാകര റായ്, മംഗൽപാടി താലൂക്ക് ആശുപത്രി പബ്ലിക് ഹെൽത്ത് നഴ്സ് സിനി സെബാസ്റ്റ്യൻ എന്നിവർ വിഷയാവതരണം നടത്തി.

**വയറിളക്കം : ചെറിയ കാര്യങ്ങൾ ശ്രദ്ധിക്കാം**
**അപകടം ഒഴിവാക്കാം.**

- തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക. വ്യക്തിശുചിത്വം പാലിക്കുക. മലമൂത്ര വിസർജ്ജനം ശൗചാലയങ്ങളിൽ മാത്രം നടത്തുക.
- ആഹാരം കഴിക്കുന്നതിനു മുമ്പും ശൗചാലയം ഉപയോഗിച്ചതിനു ശേഷവും കൈകൾ സോപ്പ് ഉപയോഗിച്ച് നന്നായി കഴുകുക.
- ഭക്ഷ്യവസ്തുക്കൾ ഈച്ച കടക്കാത്തവിധം മൂടി സൂക്ഷിക്കേണ്ടതാണ് .
- ആഹാര, പാനീയ, വ്യക്തി, പരിസര ശുചിത്വം ഉറപ്പാക്കുക. ORS. ഓർമ്മയിൽ എപ്പോഴും ഉണ്ടാകണം.
- വയറിളക്കം മൂലമുള്ള നിർജലീകരണം കുഞ്ഞുങ്ങളിലും പ്രായമുള്ളവരിലും ഗുരുതരമാകാൻ ഇടയുള്ളതിനാൽ ഉടൻതന്നെ ORS (Oral Rehydration Solution) നൽകേണ്ടതാണ് .
- ORS കൃത്യമായ അളവിൽ തയ്യാറാക്കുകയും വൃത്തിയോടെ സൂക്ഷിക്കുകയും വേണം.

  ഓരോ തവണ വയറിളകുമ്പോഴും ORS കുടിക്കാവുന്നതാണ്.
- എല്ലാ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും അങ്കണവാടികളിലും ORS സൗജന്യമായി ലഭ്യമാണ്.






**എന്താണ് ഒ ആർ എസ്?**
ഓറൽ റീഹൈഡ്രേഷൻ സോൾട്ട് അല്ലെങ്കിൽ സൊല്യൂഷൻ എന്നുള്ളതിന്റെ ചുരുക്ക രൂപമാണ് ഒ ആർ എസ്. സോഡിയം ക്ലോറൈഡ്, പൊട്ടാസ്യം ക്ലോറൈഡ്, സോഡിയം സിട്രേറ്റ് എന്നീ സംയുക്തങ്ങളോടൊപ്പം ഗ്ലൂക്കോസ്ഠ കൃത്യമായ അളവിൽ ചേർന്നതാണ് ORS. ഇത് പൊടി രൂപത്തിൽ പാക്കറ്റിൽ ആയിട്ട് ആണ് ലഭിക്കുന്നത്.

**ഒ.ആർ.എസ്. തയ്യാറാക്കേണ്ട വിധം**
1. കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകുക.
2. വൃത്തിയുള്ള പാത്രത്തിൽ ഒരു ലിറ്റർ (5 ഗ്ലാസ്) തിളപ്പിച്ചാറിയ വെള്ളം എടുക്കുക.
3. ഒരു വലിയ പാക്കറ്റ് ഒ.ആർ.എസ്. മുഴുവനായും വെള്ളത്തിലിട്ട് സ്പൂൺ കൊണ്ട് നന്നായി ഇളക്കുക. (ചെറിയ പാക്കറ്റ് ആണെങ്കിൽ ഒരു ഗ്ലാസ് (200ml) വെള്ളത്തിൽ ആണ് കലക്കേണ്ടത്)
4. വയറിളക്ക രോഗമുള്ള രോഗികൾക്ക് ഈ ലായനി നൽകേണ്ടതാണ്.
5. കുഞ്ഞുങ്ങൾക്ക് ചെറിയ അളവിൽ നൽകാം. ഛർദ്ദിയുണ്ടെങ്കിൽ 5 മുതൽ 10 മിനിറ്റ് കഴിഞ്ഞ് വീണ്ടും നൽകുക.
6. ഒരിക്കൽ തയ്യാറാക്കിയ ലായനി 24 മണിക്കൂറിന് ശേഷം ഉപയോഗിക്കാൻ പാടില്ല.

**സിങ്കിന്റെ പ്രാധാന്യം**
വയറിളക്കമുള്ളപ്പോൾ ഒ.ആർ.എസിനൊപ്പം ആരോഗ്യ പ്രവർത്തകരുടെ നിർദേശ പ്രകാരം സിങ്ക് ഗുളികയും നൽകേണ്ടതാണ്. സിങ്ക്, വയറിളക്കത്തിന്റെ തീക്ഷ്ണത കുറയ്ക്കുന്നതോടൊപ്പം അസുഖം വേഗത്തിൽ മാറുന്നതിനും സഹായിക്കുന്നു. ഇതിലൂടെ രോഗം മൂലമുള്ള ജലനഷ്ടവും ലവണനഷ്ടവും പരിഹരിക്കാനാകും. രണ്ട് മുതൽ ആറ് മാസം വരെ പ്രായമുള്ള കുട്ടികൾക്ക് ദിവസം 10 മില്ലി ഗ്രാം സിങ്ക് ഗുളികയും ആറ് മാസത്തിന് മുകളിൽ പ്രായമുള്ള കുട്ടികൾക്ക് 20 മില്ലി ഗ്രാം സിങ്ക് ഗുളികയും 14 ദിവസം വരെ നൽകേണ്ടതാണ്. രോഗം ഭേദമായാലും 14 ദിവസം വരെ ഗുളിക നൽകേണ്ടതാണ്.

**സ്റ്റോപ്പ് ഡയറിയ ക്യാമ്പയിൻ**
വയറിളക്കം മൂലമുള്ള അസുഖങ്ങളെ തടയുന്നതിനായാണ് 'സ്റ്റോപ്പ് ഡയേറിയ ക്യാമ്പയിൻ 2025' ആരംഭിച്ചിട്ടുള്ളത്. വയറിളക്ക രോഗങ്ങളുടെ രോഗപ്രതിരോധം, നിയന്ത്രണം, ബോധവൽക്കരണം എന്നിവയാണ് ലക്ഷ്യമിടുന്നത്. ഒ.ആർ.എസിന്റെയും സിങ്കിന്റെയും കവറേജ് 2029–ഓടെ 90 ശതമാനമായി വർധിപ്പിക്കുക എന്നത് കൂടി ലക്ഷ്യമിടുന്നു.

## മുലപ്പാൽ ബാങ്കിലൂടെ

# അമൃതമായി അമ്മിഞ്ഞമധുരം




കോഴിക്കോട്: നവജാത ശിശുവിന് ആവശ്യമായ എല്ലാ പോഷകങ്ങളും അടങ്ങിയതാണ് മുലപ്പാൽ. കുഞ്ഞിന്റെ രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കാനും ബുദ്ധി വികാസത്തിനും ശരീരോഷ്മാവ് നിലനിർത്താനും തൂക്കം വർദ്ധിപ്പിക്കാനും എല്ലാം തന്നെ മുലപ്പാൽ അത്യന്താപേക്ഷിതമാണ്. കൂടാതെ കുഞ്ഞുങ്ങൾക്ക് വരാൻ സാധ്യതയുള്ള ഒട്ടു മിക്ക രോഗങ്ങളെയും ഒരളവ് വരെ പ്രതിരോധിക്കാനാകുമെന്ന സവിശേഷതയുണ്ട് മുലപ്പാൽ.

എന്നാൽ ചില സന്ദർഭങ്ങളിൽ മാസം തികയാതെയോ, ഭാരക്കുറവുള്ളതോ രോഗമുള്ളതോ ആയ നവജാത ശിശുക്കൾക്ക് അമ്മയുടെ പാൽ സാധാരണയായി ലഭിക്കുന്നില്ല, മറ്റ് കൃത്രിമ പാൽ കൊടുക്കേണ്ടതായി വരുന്നു. ഇതിലൂടെ കുഞ്ഞിന് മറ്റ് രോഗങ്ങൾ വരാൻ സാധ്യത കൂടുതലാണ്.

ഈ സാഹചര്യത്തിലാണ് കോഴിക്കോട് ജില്ലയിലെ ഗവ. മാതൃശിശു സംരക്ഷണകേന്ദ്രത്തിൽ മുലപ്പാൽ ബാങ്ക് 2021 സെപ്റ്റംബറിൽ ആരംഭിക്കുന്നത്. ഇന്നിപ്പോൾ 2025 ആകുമ്പോൾ 14873 അമ്മമാരിൽ നിന്ന് 886100 മില്ലി ലിറ്റർ പാൽ ശേഖരിച്ച് 11719 കുഞ്ഞുങ്ങൾക്ക് 84355 മില്ലി ലിറ്റർ പാസ്ച്ചുറൈസ്ഡ് ഡോണർ ഹ്യൂമൻ മിൽക്ക് വിതരണം ചെയ്തു. ഇതിൽ കേരളത്തിലെ ആദ്യ ട്രാൻസ്ജെൻഡർ ദമ്പതിമാരുടെ കുഞ്ഞും ഉൾപ്പെടുന്നു. ജില്ലയിൽ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്നതും ഏഷ്യയിലെ ഏറ്റവും കൂടുതൽ പ്രസവം നടക്കുന്നതുമായ രണ്ടാമത്തെ ആശുപത്രിയുമാണ് കോഴിക്കോട് ഗവ.മാതൃശിശു സംരക്ഷണ കേന്ദ്രം.

ഇതിന്റെ തുടർച്ചയെന്നോണം കോഴിക്കോട് കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രിയിൽ മുലപ്പാൽ പരിപാലന കേന്ദ്രം (എൽ.എം.യു) 2025 ഏപ്രിലിൽ ആരംഭിച്ചു. ഓരോ അമ്മയ്ക്കും മുലയൂട്ടലിനെ കുറിച്ചുള്ള കൃത്യമായ പരിശീലനവും അവബോധവും എൽ.എം.യുയിലൂടെ നൽകുന്നു. മാസം തികയാതെ ജനിച്ച തീവ്ര പരിചരണ വിഭാഗത്തിൽ പ്രവേശിക്കപ്പെട്ട കുഞ്ഞുങ്ങൾക്ക് നേരിട്ട് മുലയൂട്ടാൻ സാധിക്കാത്ത പക്ഷം അമ്മമാർക്ക് എൽ.എം.യുവിൽ എത്തുകയും അവർക്ക് പ്രത്യേകമായി സജ്ജീകരിച്ച സ്ഥലത്ത് ബ്രസ്റ്റ് പമ്പിന്റെ സഹായത്തോടെ മുലപ്പാൽ ശേഖരിച്ച് ആവശ്യാനുസരണം അവരുടെ കുഞ്ഞുങ്ങൾക്ക് എൽ.എം.യു വിലൂടെ പാൽ നൽകുന്നു.

ഇതുവരെ എൽ.എം.യു യിലൂടെ 45 അമ്മമാർ മുലപ്പാൽ നൽകി, 2070 മില്ലി ലിറ്റർ മുലപ്പാൽ ശേഖരിച്ച് വിതരണം ചെയ്തു ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ മികച്ച ഇടപെടലുകളാണ് ഗവ. മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെ മുലപ്പാൽ ബാങ്കിലൂടെയും കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രിയിലെ മുലപ്പാൽ പരിപാലന കേന്ദ്രത്തിലൂടെയും ജില്ലയിൽ നടത്തുന്നത്.





മടിയ്ക്കേണ്ട

# എൻ.എസ്.വി സെറ്റാണ്




തിരുവനന്തപുരം: കല്ല്യാണം കഴിഞ്ഞാൽ ഉടൻ 'ഇനിയൊരു കുഞ്ഞൊക്കെ വേണ്ടേ' എന്ന ചോദ്യശരങ്ങൾ കൊണ്ട് നവദമ്പതിമാരെ ബുദ്ധിമുട്ടിക്കുന്നവരാണ് ചുറ്റുമുള്ളത്. ആദ്യത്തെ കുഞ്ഞാകുമ്പോൾ അതിനൊരു അറുതി വരുമെന്ന് കരുതിയെങ്കിൽ തെറ്റി. ഈ കുഞ്ഞിന് ഒരു കൂട്ട് വേണ്ടേ? അങ്ങനെ അടുത്ത കുട്ടിയെ പ്രസവിച്ച വേദന സഹിച്ചു കഴിയുമ്പോഴായിരിക്കും പ്രസവം നിർത്താനുള്ള നടപടിയെ കുറിച്ച് ചർച്ച നടക്കുന്നത്. എന്തായാലും പ്രസവത്തിന്റെ ഒപ്പം തന്നെ അവളുടെ പ്രസവം നിർത്തലും നടത്താം എന്നാകും അന്തിമ തീരുമാനം. പുരുഷൻമാരിൽ വന്ധ്യംകരണം എളുപ്പത്തിൽ സാധ്യമാകുമെങ്കിലും മുന്നോട്ട് വരുന്ന പുരുഷന്മാർ കുറവാണ്.

വന്ധ്യംകരണം പരമ്പരാഗതമായി സ്ത്രീകളുടെ ഉത്തരവാദിത്തം എന്ന ചിന്തയും പുരുഷത്വം നഷ്ടപ്പെടുമെന്ന ആശങ്കയുമാണ് പുരുഷൻമാർ മടിക്കുന്നതിനുള്ള പ്രധാന കാരണം. പുരുഷൻമാരിൽ വന്ധ്യം കരണം ചെയ്യുന്ന പ്രക്രിയയാണ് നോ സ്കാൽപൽ വാസക്ടമി(എൻ.എസ്.വി.). എന്നാൽ ഇത് ലളിതവും വേദനാരഹിതവും വേഗത്തിലുള്ളതുമായ നടപടിക്രമമാണെന്ന വസ്തുത പലർക്കും അറിയില്ല. മിഥ്യാധാരണകളെയെല്ലാം തച്ചുടച്ച് പുരുഷൻമാരിൽ എൻ.എസ്.വി. ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്ന ആരോഗ്യവകുപ്പിന്റെ അവബോധ പ്രവർത്തനങ്ങൾ ജില്ലയിൽ വിജയം കണ്ടു. ആരോഗ്യവകുപ്പിലെ മീഡിയാ വിഭാഗത്തിന്റെ ഇടപെടലിലൂടെ ജനങ്ങൾക്കിടയിലേയ്ക്ക് എത്തി അവരിലൊരാളായി പ്രവർത്തിക്കുന്ന ഫീൽഡ്തല ആരോഗ്യ പ്രവർത്തകർ മുതൽ വിവിധ മാധ്യമങ്ങളിലൂടെയും ജനകീയ–കുടുംബ– സാമൂഹിക–താലൂക്ക് –ജില്ലാ – ജനറൽ ആരോഗ്യ കേന്ദ്രങ്ങളിലൂടെയും ബോധവത്കരണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി. അതിനൊപ്പം ലളിതവും ശാസ്ത്രീയവുമായ ബോധവത്കരണ സാമഗ്രികൾ വികസിപ്പിക്കുകയും ഡിജിറ്റൽ, സോഷ്യൽ മീഡിയ മാധ്യമങ്ങളിലൂടെയും പ്രചാരണം നൽകി. എഫ്.എം. – തിയറ്റർ ക്യാമ്പയിനിലൂടെ ആരോഗ്യവകുപ്പിനെ ബന്ധപ്പെടേണ്ട നമ്പർ നൽകിയത് ഗുണഭോക്താക്കൾ കൂടാൻ കാരണമായി. ജോലി സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണം സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്തതും മിഥ്യാധാരണകൾ മാറ്റാൻ സാധിച്ചു. എൻ.എസ്.വി. പക്ഷാചരണത്തോടനുബന്ധിച്ച് ക്യാമ്പ് സംഘടിപ്പിക്കുന്ന തീയതിയും സ്ഥലവും മുൻകൂട്ടി നിശ്ചയിച്ച് എഫ്.എം. റേഡിയോയിലൂടെ പരസ്യം ചെയ്തതും ഗുണഭോക്താക്കാൾ കൂടാൻ ഇടയാക്കി. ഈ പ്രവർത്തനങ്ങളിലൂടെ 2023 ൽ 24 പേരും 2024ൽ 40 പേരും 2025 ൽ ഏപ്രിൽ മുതൽ ജൂൺ വരെ 14 പേരും എൻ.എസ്.വി.യ്ക്ക് വിധേയരായി. ഈ വർഷം പൂർത്തിയാകുമ്പോൾ 50 പേർ എൻ.എസ്.വി.യ്ക്ക് വിധേയരാകുമെന്നാണ് ആരോഗ്യവകുപ്പ് പ്രതീക്ഷിക്കുന്നത്. തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, നെടുമങ്ങാട് ജില്ലാ ആശുപത്രി, തിരുവനന്തപുരം ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് ജില്ലയിൽ എൻ.എസ്.വി. ചെയ്യുന്നത്. പക്ഷാചരണത്തോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുകയാണെങ്കിൽ അവരുടെ സൗകര്യാർത്ഥം അടുത്തുള്ള താലൂക്ക് ആശുപത്രികളിലും എൻ.എസ്.വി. ചെയ്യാനുള്ള സൗകര്യം ഒരുക്കുന്നതാണ്. കൂടാതെ എൻ.എസ്.വി.യ്ക്ക് വിധേയമാകുന്നവർക്ക് ഉപഭോക്തൃ വിഹിതമായ 1100രൂപ നൽകുന്നു. ശക്തമായ ബോധവത്കരണ ഇടപെടിലൂടെ വലിയൊരു മാറ്റമാണ് സൃഷ്ടിച്ചത്. പുരുഷൻമാരിലെ വിമുഖത മാത്രമല്ല കുടുംബാംഗങ്ങളുടെയും സമൂഹത്തിന്റെയും മാറ്റം കൂടിയാണ് ഈ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ പ്രതിഫലിക്കുന്നത്.

ഗുണഭോക്താക്കളിൽ വിശ്വാസം ഉണ്ടാക്കുന്ന തരത്തിലുള്ള ഇടപെടലുകൾക്ക് പ്രോത്സാഹനം നൽകിയതും എൻ.എസ്.വി. പ്രക്രിയയ്ക്ക് മുൻപും അതിന് ശേഷവും കൗൺസിലിംഗും ഗുണഭോക്താവ് പാലിക്കേണ്ട കാര്യങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖകളുടെ വിതരണവും കൃത്യമായ ഫോളോ അപ്പും സർട്ടിഫിക്കറ്റ് വിതരണവും ഉറപ്പാക്കി. തദ്ദേശസ്വയംഭരണ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെയും എൻ.ജി.ഒ യുടെയും സഹകരണം പഞ്ചായത്ത് തലം വരെ നൽകി. ഫീൽഡ് തല പ്രവർത്തകർക്ക് എൻ.എസ്.വി യെ കുറിച്ച് അവബോധ ക്ലാസ്സുകളും അവലോകന യോഗങ്ങളും സംഘടിപ്പിച്ചു.ഗുണഭോക്താവിന്റെ മുൻഗണനകൾക്ക് പ്രാമുഖ്യം നൽകി എൻ.എസ്.വി സേവനങ്ങൾ ലഭ്യമാക്കിയും ജില്ലാതലത്തിൽ സംഘാടനം നേരിട്ട് നടത്തിയും ആരോഗ്യവകുപ്പ് വിജയത്തിലേയ്ക്കുള്ള പടവുകൾ കയറുകയാണ്.

കുരുന്നുകൾക്ക്

# കൈത്താങ്ങിന്റെ പത്ത് വർഷങ്ങൾ



കൽപ്പറ്റ: ജനന വൈകല്യങ്ങളുള്ള കുഞ്ഞുങ്ങളെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്തി ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (ഡി.ഇ.ഐ.സി). ബാല്യകാല അസുഖങ്ങൾ, വളർച്ചയിലെ കാലതാമസം തുടങ്ങി 30ഓളം അസുഖങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിച്ച് അവരിൽ ശാരീരിക–മാനസിക ബുദ്ധിമുട്ടുകൾ കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഡിഇഐസി പ്രവർത്തിച്ചുവരുന്നത്. ദേശീയ ആരോഗ്യ ദൗത്യത്തിനു കീഴിലുള്ള ആർ.ബി.എസ്.കെ പദ്ധതിയുടെ ഭാഗമായി കൈനാട്ടിയിലെ കൽപ്പറ്റ ജനറൽ ആശുപത്രിയിൽ 10 വർഷത്തിലേറെയായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം പതിനായിരത്തോളം കുട്ടികളുടെ ആശ്രയമാണ്. തീർത്തും സൗജന്യ സേവനമാണിവിടെ. സൈക്കോളജി, ശ്രവണ–സംസാര വൈകല്യ വിഭാഗം, ഒപ്റ്റോമെട്രി, ഫിസിയോതെറാപ്പി, സ്പെഷ്യൽ എജ്യുക്കേഷൻ, ദന്തരോഗം തുടങ്ങിയ വിഭാഗങ്ങളിലൂടെയാണ് ചികിത്സയുടെ ഏകോപനം. സൈക്കോളജി വിഭാഗത്തിൽ ബുദ്ധി കു



റവ് (ഐ.ഡി.ഡി), ശ്രദ്ധക്കുറവ് (എ.ഡി.ഡി), എ.ഡി.എച്ച്.ഡി, സ്വഭാവ വൈകൃതങ്ങൾ, ഓട്ടിസം സ്പെക്ട്രം ഡിസോർഡർ തുടങ്ങിയവയ്ക്കുള്ള ചികിത്സയും കൗൺസലിങ്ങും, രക്ഷിതാക്കൾക്കുള്ള കൗൺസലിങ്ങും ലഭിക്കും. ശ്രവണ–സംസാര വൈകല്യ വിഭാഗത്തിൽ സംസാരിക്കുന്നതിനും കേൾക്കുന്നതിനും സെറിബ്രൽ പാഴ്സി, വിക്ക്, കൊഞ്ഞിപ്പ് തുടങ്ങിയവയ്ക്കുള്ള ചികിത്സയാണ് ലഭ്യമാവുക. ഒപ്റ്റോമെട്രി വിഭാഗത്തിൽ കാഴ്ച സംബന്ധമായ പ്രശ്നങ്ങൾക്കുള്ള പ്രാരംഭ പരിശോധനകളും തുടർപരിചരണങ്ങളും നടത്തുന്നു. ചലന പ്രശ്നങ്ങളുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനങ്ങളും വ്യായാമമുറകളും ഇലക്ട്രോതെറാപ്പിയും ഹൈഡ്രോതെറാപ്പിയും ഫിസിയോതെറാപ്പി വിഭാഗത്തിൽ ലഭ്യമാണ്. സ്പെഷ്യൽ എജ്യുക്കേഷൻ വിഭാഗത്തിൽ പഠന വൈകല്യത്തിനും (എൽ.ഡി) ഓർമ്മക്കുറവുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനങ്ങളും നൽകിവരുന്നു. ദന്തരോഗ വിദഗ്ധന്റെയും ഡെന്റൽ ഹൈജീനിസ്റ്റിന്റെയും സേവനം ദന്തസംരക്ഷണ വിഭാഗത്തിൽ ലഭിക്കും. തെറാപ്പികളും മറ്റു ചികിത്സകളും ഏകോപിപ്പിക്കുന്നതിനും ചികിത്സാരീതികൾക്ക് നേതൃത്വം നൽകുന്നതിനുമായി പീഡിയാട്രീഷന്റെയും മെഡിക്കൽ ഓഫിസറുടെയും സേവനവും ലഭ്യമാണ്. മുച്ചിറി, മുറി അണ്ണാക്ക് തുടങ്ങിയ അസുഖങ്ങൾക്കുള്ള സൗജന്യ ചികിത്സാ സഹായവും ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് ശ്രവണ സഹായി സൗജന്യമായി നൽകുന്ന പദ്ധതിയും ഏകോപിപ്പിക്കുന്നത് ഡിഇഐസി വഴിയാണ്.

### മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്

ഡിഇഐസിയോട് ചേർന്നു പ്രവർത്തിക്കുന്ന മറ്റൊരു വിഭാഗമാണ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (എം.ഐ.യു). ദുർഘട മേഖലയിൽ നിന്ന് കൽപ്പറ്റയിലെ ഡി.ഇ.ഐ.സിയിൽ എത്തിപ്പെടാൻ ബുദ്ധിമുട്ടുന്ന കുട്ടികൾക്കായി ഏറ്റവും അകലെയുള്ള 13 ആരോഗ്യകേന്ദ്രങ്ങളാണ് എം.ഐ.യുവിന്റെ പ്രവർത്തന മേഖല. മീനങ്ങാടി സി.എച്ച്.സി, പുൽപ്പള്ളി സി.എച്ച്.സി, തൊണ്ടർനാട് എഫ്.എച്ച്.സി, പൊഴുതന എഫ്.എച്ച്.സി, ബത്തേരി താലൂക്ക് ആശുപത്രി, മാനന്തവാടി ഗവ. മെഡിക്കൽ കോളജ്, അമ്പലവയൽ എഫ്.എച്ച്.സി, പൂതാടി എഫ്.എച്ച്.സി, വെള്ളമുണ്ട എഫ്.എച്ച്.സി, തരിയോട് സി.എച്ച്.സി, പേര്യ സി.എച്ച്.സി, വൈത്തിരി താലൂക്ക് ആശുപത്രി, പനമരം സി.എച്ച്.സി എന്നീ ആരോഗ്യ കേന്ദ്രങ്ങളിലാണ് എം.ഐ.യു പ്രവർത്തിക്കുന്നത്. മാസത്തിൽ ചുരുങ്ങിയത് രണ്ടു തവണയെങ്കിലും ഇവിടങ്ങളിൽ സന്ദർശനം നടത്തി ആവശ്യസേവനങ്ങൾ ലഭ്യമാക്കും. ഫിസിയോതെറാപ്പിസ്റ്റ്, ശ്രവണ–സംസാര വൈകല്യ വിഭാഗം, സൈക്കോളജിസ്റ്റ്, ഡെവലപ്മെന്റ് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എജ്യുക്കേഷൻ എന്നീ സേവനങ്ങൾ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് നൽകി വരുന്നു.

### ക്ലബ്ബ് ഫൂട്ട് ചികിത്സയിൽ മികച്ച നേട്ടം

ക്ലബ്ബ് ഫൂട്ട് ചികിത്സയ്ക്കുവേണ്ടി നിരവധി പേർ വയനാട് ഡി.ഇ.ഐ.സിയെ ആശ്രയിക്കുന്നു. ജന്മനാ കാലുകൾക്കുണ്ടാകുന്ന ക്ലബ്ബ് ഫൂട്ട് ചികിത്സ ഡിഇഐസിയിൽ സൗജന്യമാണ്. 17.07.2025 വരെ 123ഓളം കുട്ടികൾ ഡി.ഇ.ഐ.സിയിൽ എല്ലാ ചൊവ്വാഴ്ചകളിലും പ്രവർത്തിക്കുന്ന ക്ലിനിക്കിലെത്തി ചികിത്സ തേടി. പ്രത്യേക പരിശീലനം പൂർത്തിയാക്കിയ ഓർത്തോപീഡിക് സർജന്റെ നേതൃത്വത്തിൽ പോൺസെറ്റി മെത്തേഡിലൂടെ കുട്ടികൾക്ക് ആവശ്യമായ പ്ലാസ്റ്റർ കാസ്റ്റിങ് സർവീസ്, ടെനോട്ടമി സർജറി, തുടർ ചികിത്സയുടെ ഭാഗമായി ഉപയോഗിക്കുന്ന ഫൂട്ട് അബ്ഡക്ഷൻ ബ്രേസ് എന്നിവ സൗജന്യമായി നൽകി വരുന്നു.

### എന്താണ് ക്ലബ്ബ് ഫൂട്ട്?

ക്ലബ്ബ് ഫൂട്ട് വൈകല്യമുള്ള കുട്ടികളിൽ കാലിന്റെ പാദം ഉള്ളി



ലേക്ക് തിരിഞ്ഞ് മടങ്ങിയിരിക്കും. ശരിയായി ചികിത്സിച്ചില്ലെങ്കിൽ കുട്ടികൾ വലുതായാൽ നടക്കുമ്പോൾ വൈകല്യമുണ്ടാകും. കുട്ടി ജനിച്ചു കഴിയുമ്പോൾ തന്നെ കൈലുകൾക്ക് എന്തെങ്കിലും വൈകല്യമുണ്ടോ എന്നു നോക്കി, സംശയമുണ്ടെങ്കിൽ ഡോക്ടറുടെ ശ്രദ്ധയിൽപ്പെടുത്തണം. ക്ലബ്ബ് ഫൂട്ടിന്റെ ചികിത്സ കുട്ടി ജനിച്ചയുടൻ തുടങ്ങേണ്ടതാണ്. പോൺസെറ്റി മെത്തേഡ് എന്ന കാസ്റ്റിങ് ചികിത്സയാണ് ലോകവ്യാപകമായി ഉപയോഗിക്കുന്നത്. ജനിച്ചു കഴിഞ്ഞ് ഒരാഴ്ചയ്ക്കു ശേഷം ഏകദേശം ഒന്നര മാസത്തോളം കാൽ പ്ലാസ്റ്ററിട്ട് നേരെയാക്കാൻ ശ്രമിക്കണം. കുട്ടിയുടെ കാൽ വളർന്നുകൊണ്ടിരിക്കുന്നതിനാൽ ഓരോ ആഴ്ചയും പുതിയ പ്ലാസ്റ്ററാണ് ഇടേണ്ടത്. ഒന്നര മാസത്തിനു ശേഷം കാലുകൾക്ക് വന്നിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തി അടുത്ത ഘട്ടത്തിലേക്ക് കടക്കണം. കുതിഞരമ്പ് വിടുവിക്കൽ പ്രക്രിയ ആണ് അത് (ടെനോട്ടമി). തുടർന്ന് നാലു വയസ്സ് വരെ കാലിൽ ബ്രേസ് ഇടണം. അതിനുശേഷം കാൽ പൂർണമായും രോഗ വിമുക്തമാവും. ജന്മനാ ചികിത്സ ലഭിക്കാതെ വൈകല്യം അനുഭവിക്കുന്ന കുട്ടികൾക്കും പിന്നീട് ചികിത്സിച്ചാൽ കുറേയേറെ വൈകല്യങ്ങൾ പരിഹരിക്കാൻ സാധിക്കും.

## റജീന പറയുന്നു

# മുലപ്പാൽ മധുരമുള്ള കഥ



"**എന്റെ പേര് റെജീന**, വേങ്ങരയാണ് എന്റെ സ്വദേശം, ഞാൻ മെയ് 15 ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ മാസം തികയാതെ പ്രസവിക്കുകയും, എന്റെ കുഞ്ഞിനെ അന്നു മുതൽ ഐ.സി.യുവിൽ പ്രവേശിപ്പിക്കുകയും ചെയ്തു.

തുടക്ക ദിവസങ്ങളിൽ കുഞ്ഞിന് കുറച്ച് അളവിൽ മാത്രമേ പാലിന്റെ ആവശ്യമുണ്ടായിരുന്നു, ആ സമയത്താണ് മിൽക്ക് ബാങ്കിലെ സിസ്റ്റർ എന്നെ വന്നു കാണുകയും മിൽക്ക് ബാങ്കിനെ കുറിച്ചും മുലപ്പാൽ ദാനത്തെ കുറിച്ചും എനിക്ക് പറഞ്ഞു മനസ്സിലാക്കി തരികയും ചെയ്തത്. ആശങ്കയോടെയാണെങ്കിലും ഞാൻ അവിടെ ചെല്ലുകയും അവിടുത്തെ പ്രവർത്തനങ്ങളെകുറിച്ച് മനസ്സിലാക്കുകയും ചെയ്തു. തുടർന്ന് മൂന്ന് മാസങ്ങളായിട്ട് ഇപ്പോ ഞാൻ പല സമയത്തായിട്ടും 175 തവണ മുലപ്പാൽ ബാങ്കിലൂടെ പാൽ നൽകി. എന്റെ കുഞ്ഞിനോടൊപ്പം ഐ.സി.യു വിൽ അഡ്മിറ്റായിട്ടുള്ള കുഞ്ഞുങ്ങൾക്ക് കൂടി പാൽ നൽകാനായതിൽ എനിക്ക് വളരെ അധികം അഭിമാനം ഉണ്ട്.

എന്റെ കുഞ്ഞിന്റെ നില മോശമായ സാഹചര്യത്തിലും, ഇടയ്ക്ക് മുലപ്പാൽ കൊടുക്കുന്നത് നിർത്തിവയ്ക്കേണ്ടി വരുന്ന സാഹചര്യത്തിലും എനിക്ക് മുലപ്പാൽ ബാങ്ക് വലിയ ഒരാശ്രയം തന്നെ ആയിട്ടുണ്ട്. അധികമുള്ള പാൽ കെട്ടിനിർത്തി വേദന വരുന്ന സാഹചര്യം ഒഴിവാക്കാനും മുലപ്പാൽ ഉത്പാദനം നിലച്ചു പോകാതിരിക്കാനും മുലപ്പാൽ ബാങ്ക് എന്നെ വളരെ അധികം സഹായിച്ചിട്ടുണ്ട്.

ഇന്ന് ഇപ്പോ എന്റെ കുഞ്ഞിന് സുഖം പ്രാപിച്ചു വരുമ്പോൾ അവന് നേരിട്ട് പാൽ കൊടുക്കാനും അതേപോലെ തന്നെ മിൽക്ക് ബാങ്കിലേക്ക് ഇപ്പോളും ദാനം ചെയ്യാനും എനിക്ക് സാധിക്കുന്നുണ്ട്. ഇങ്ങനെ ഒരു പുണ്യ പ്രവർത്തിയിൽ എനിക്ക് ഭാഗമാകാൻ കഴിഞ്ഞതിൽ ഞാൻ മിൽക്ക് ബാങ്കിലെ സിസ്റ്റർമാരോടൊക്കെ നന്ദി പറയുന്നു, കൂടെ എന്റെ ഒപ്പം നിന്ന ഭർത്താവിനും കുടുംബത്തിനും ഞാൻ നന്ദി പറയുന്നു".

## ജിം റെഡി

# ആരോഗ്യം അരികെ



കോഴിക്കോട് : തിരക്കിട്ട ജീവിതശൈലിക്കിടയിൽ ആരോഗ്യം കാക്കാൻ ജനങ്ങൾക്ക് തുണയായി തലക്കുളത്തൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നവീകരിച്ച ജിം.

'ജീവിതശൈല മാറ്റം വ്യായാമത്തിലൂടെ' ലക്ഷ്യമാക്കിയാണ്. തലക്കുളത്തൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ പൊതുജനങ്ങൾക്കായി ഒരു നവീകരിച്ച വ്യായാമകേന്ദ്രം പ്രവർത്തിച്ചു വരുന്നു. പൊതുജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ജീവിതശൈലീരോഗ പ്രതിരോധ നിയന്ത്രണ പദ്ധതിയായ 'ജീവതാളം' പദ്ധതിയിൽ ഉൾപ്പെടുത്തിയ വ്യായാമ കേന്ദ്രം പ്രവർത്തിക്കുന്നത് സാമൂഹിക ആരോഗ്യകേന്ദ്രത്തിന്റെ മേൽനോട്ടത്തിലാണ്. മുൻരാജ്യസഭാംഗം എളമരം കരീം എം.പിയുടെ ആസ്തിവികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചിലവഴിച്ച് 250 പേർക്ക് വ്യായാമം ചെയ്യാവുന്ന തരത്തിൽ തലക്കുളത്തൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നിർമ്മിച്ചതാണ് നവീകരിച്ച വ്യായാമ കേന്ദ്രം.

വ്യായാമകേന്ദ്രത്തിന് കരുതലായി ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് 9,00,000 രൂപ മുടക്കി വ്യായാമ കേന്ദ്രത്തിന് മേൽക്കൂരയും, ഇന്റർലോക്ക് വർക്കും ചെയ്തിട്ടുണ്ട്. മികച്ച പരിശീലനം നൽകുന്നതിനായി പരിശീലനം സിദ്ധിച്ച ട്രെയിനറേയും ആശുപത്രി മാനേജ്മെന്റ് കമ്മറ്റി നിയമിച്ചിട്ടുണ്ട്. ട്രെയിനറുടെ നേതൃത്വത്തിൽ രാവിലെ 5 മണി മുതൽ 8 മണിവരെയും വൈകുന്നേരം 4.30 മുതൽ രാത്രി 8 മണിവരെയും പൊതുജനങ്ങൾക്കായി വ്യായാമകേന്ദ്രം പ്രവർത്തിച്ചു വരുന്നു.



കരുതാം ആരോഗ്യം

# പരിപാലിക്കാം മൃഗങ്ങളെ



എറണാകുളം : ലോക ജന്തുജന്യരോഗദിനത്തിന്റെ ഭാഗമായി ജില്ലയിൽ വിവിധ ബോധവത്കരണപരിപാടികൾ സംഘടിപ്പിച്ചു. കാലടി ഗ്രാമ പഞ്ചായത്ത് ഹാളിൽ റോജി എം ജോൺ എം.എൽ.എ ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന രോഗങ്ങളാണ് ജന്തുജന്യ രോഗങ്ങൾ. വൈറസുകൾ, ബാക്ടീരിയാ, പാരസൈറ്റുകൾ (പരാന്നഭോജികൾ), ഫംഗസുകൾ എന്നിവ ആണ് ഈ രോഗങ്ങൾക്ക് കാരണമാകുന്നത്. ഇത്തരത്തിലുള്ള രോഗങ്ങളെ കുറിച്ച് കർഷകർ, തൊഴിലുറപ്പുകാർ, കുടുംബശ്രീ പ്രവർത്തകർ, ക്ഷീരകർഷകർ, കുട്ടികൾ തുടങ്ങിയവരിൽ ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. മെഡിക്കൽ ഓഫീസർ ഇൻ ചാർജ് ഡോ അപ്പു സിറിയക്, വെറ്റിനറി സർജൻ ഡോ ജോമോൻ ചെറിയാൻ എന്നിവർ ക്ലാസുകൾ നയിച്ചു.

പരിപാടിയുടെ ഭാഗമായി കാലടി സാമൂഹ്യ ആരോഗ്യകേന്ദ്രം ജീവനക്കാരും കാഞ്ഞൂർ വിമല ഹോസ്പിറ്റലിലെ നേഴ്സിങ് വിദ്യാർത്ഥിനികളും ചേർന്ന് ബോധവത്കരണ സ്കിറ്റ് അവതരിപ്പിച്ചു. ഫ്ളാഷ്മോബ്, പോസ്റ്റർ രചനമത്സരം, ക്വിസ് മത്സരങ്ങൾ എന്നിവയും സംഘടിപ്പിച്ചു. ആശാപ്രവർത്തകർ, എൻ ആർ ഇ ജി എ, ക്ഷീര കർഷകർ, കൃഷിക്കാർ, ഹരിത കർമ്മ സേന അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# ജീവിതശൈലി രോഗചികിത്സ ഒരു കുടക്കീഴിൽ



കോട്ടയം: ജീവിത ശൈലി രോഗങ്ങളുമായി ബന്ധപെട്ട് ചികിത്സ എടുക്കുന്ന ഏതൊരാൾക്കും ഒരു കുടകീഴിൽ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നതിനായി 360 ഡിഗ്രി മെറ്റബോളിക് സെന്റർ പാലാ കെ.എം മാണി മെമ്മോറിയൽ ജനറൽ ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചു. പ്രമേഹം, രക്താദിമർദം എന്നിവയ്ക്ക് പുറമേ, വൃക്കകളുടെ കാര്യക്ഷമത പരിശോധന, കണ്ണുകളിലും കാലുകളിലും ബാധിക്കുന്ന പ്രമേഹത്തിന്റെ പരിശോധന, പൾമണറി ഫങ്ഷൻ ടെസ്റ്റ്, ഡയറ്റ് കൗൺസിലിംഗ് തുടങ്ങിയ എല്ലാ സേവനങ്ങളും ഒരേ സ്ഥലത്തു നിന്നും ലഭിക്കുന്നു എന്നുള്ളത് ഇത്തരം രോഗങ്ങളുമായി കഴിയുന്ന ഏതൊരാൾക്കും ആശ്വാസം നൽകുന്ന കാര്യമാണ്.

രോഗനിർണ്ണയത്തിലെ കാലതാമസം എന്ന പോലെതന്നെ കൃത്യസമയത്തു ചികിത്സ തേടാതിരിക്കുന്നതും പ്രമേഹത്തെ സങ്കീർണമാക്കുന്നു. അതിനാൽ 360 ഡിഗ്രി മെറ്റബോളിക് സെന്ററുകൾ ഇത്തരം കാര്യങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. ജില്ലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ, ജനറൽ ആശുപത്രികൾ വരെ ജീവിതശൈലി രോഗനിർണയ ക്ലിനിക്കുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഈ ക്ലിനിക്കുകളിൽ കൂടി പ്രമേഹത്തിനും രക്താദിമർദത്തിനും സൗജന്യമായി മരുന്ന് ലഭ്യമാക്കി വരുന്നു.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റിൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപയിലാണ് പാലാ ജനറൽ ആശുപത്രിയിൽ സജ്ജീകരിച്ചിരിക്കുന്ന 360 ഡിഗ്രി മെറ്റബോളിക് സെന്റർ പ്രാവർത്തികമാക്കിയത്. ഈ സെന്ററിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ആയ ബയോടെസിയോ മീറ്റർ, ഹാൻഡ് ഹെൽഡ് ഡോപ്ലർ, ഫാറ്റ് ഇൻവെസ്സസ് മീറ്റർ, നോൺ–മൈഡ്രിയാറ്റിക് റെറ്റിനൽ ക്യാമറ, മിനി സ്പൈറോമീറ്റർ, മരുന്നുകൾ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

പൊന്നോമനയുടെ പരിമിതികൾ

# നേരത്തെയറിയാൻ... നേരത്തെ ചികിത്സിക്കാൻ ഡി.ഇ.ഐ.സി

**ആരോഗ്യ രംഗത്ത് മികവിന്റെ മാതൃകയായി ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (ഡി.ഇ.ഐ.സി)**



കൊല്ലം: ആരോഗ്യ രംഗത്തെ മുന്നേറ്റങ്ങൾക്ക് മാറ്റുകൂട്ടി ജില്ലാ ഗവണ്മെന്റ് വിക്ടോറിയ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (ഡി.ഇ.ഐ.സി). കുഞ്ഞുങ്ങളിലെ വളർച്ച വൈകല്യങ്ങൾ പ്രാരംഭ ദശയിൽ തന്നെ തിരിച്ചറിയുവാനും, വിദഗ്ദ്ദ ചികിത്സ ഉറപ്പാക്കുവാനും ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന സ്ഥാപനമാണ് ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം അഥവാ ഡി.ഇ.ഐ.സി എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന ഡിസ്ട്രിക്ട് ഏർലി ഇന്റെർവെൻഷൻ സെന്റർ.

സ്പെഷ്യൽ എജുക്കേഷൻ, ഓഡിയോളജി, ഫിസിയോതെറാപ്പി, ബിഹേവിയറൽ തെറാപ്പി, പീഡിയാട്രിക് വിഭാഗം, സൈക്കോളജി വിഭാഗം, ക്ലബ് ഫൂട്ട് ക്ലിനിക്, ഓട്ടിസം ക്ലിനിക്, ഡെന്റൽ യൂണിറ്റ് തുടങ്ങിയ വിഭാഗങ്ങളാണ് ഇവിടെ പ്രവർത്തിക്കുന്നത്. സ്പെഷ്യൽ എജുക്കേഷൻ വിഭാഗത്തിന്റെ ഭാഗമായി ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളിൽ പഠനപരമായ പുരോഗതി നേരിടുവാനുള്ള പിന്തുണയും, പരിശീലനവും നൽകുന്നു. 4 വയസ്സ് മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്കാണ് സേവനം ലഭ്യമാകുക. സ്പെഷ്യൽ എജ്യുക്കേറ്റർ നേരിട്ട് കുട്ടികളെ പരിശോധിക്കുകയും, പഠന നിലവാരം സംബന്ധിച്ചു വിലയിരുത്തുകയും തുടർന്ന് ആവശ്യമായ തുടർ സേവനം നൽകുന്നു.

18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ഉണ്ടാകുന്ന കേൾവി പ്രശ്നങ്ങളും സംസാര വൈകല്യങ്ങളുമാണ് പ്രധാനമായും ഓഡിയോ ആൻഡ് സ്പീച് ലാംഗ്വേജ് പാത്തോളജി വിഭാഗത്തിൽ കൈകാര്യം ചെയ്യുന്നത്. ജനിച്ചു മൂന്നു ദിവസത്തിനുള്ളിൽ ചെയ്യുന്ന ഓ.എ.ഇ പരിശോധനയിലൂടെ കേൾവിക്കുറവ് തിരിച്ചറിയുന്ന കുട്ടികൾക്ക് കെൽട്രോണിന്റെ സഹായത്തോടെ ശ്രവണ സഹായി സൗജന്യമായി നൽകുന്നു. തുടർന്നുള്ള പരിചരണവും ഉറപ്പാക്കുന്നു. കുട്ടികളിൽ കൂടുതലായും കണ്ടു വരുന്ന സംസാരത്തിലുണ്ടാകുന്ന കാലതാമസം, വ്യക്തത കുറവ്, ശബ്ദ വ്യത്യാസങ്ങൾ, വിക്ക്, ഓട്ടിസം, എ.ഡി.എച്.ഡി എന്നിവ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, ജന്മനാ കേൾവി തകരാർ മൂലമുകുന്ന ഭാഷ വൈകല്യം തുടങ്ങിയവയ്ക്കു ആവശ്യമായ ചികിത്സവും തുടർ പരിചരണവും ഉറപ്പാക്കുന്നു. ഇതിനൊക്കെ പുറമെ കുട്ടികളിലെ സംസാര രീതിയിലെ വൈകല്യങ്ങൾ, പെരുമാറ്റ വൈകല്യങ്ങൾ, എന്നിവ നേരത്തെ തിരിച്ചറിയാനുള്ള പ്രത്യേക പരിശീലനം രക്ഷിതാക്കൾക്കും നൽകി വരുന്നു.

ദിനംപ്രതി നൂറോളം, പേരാണ് വിവിധ സേവങ്ങൾക്കായി ഡി.ഇ.ഐ.സിയെ സമീപിക്കുന്നത്. പതിനാറായിരത്തോളം പേർ ഇതിനോടകം ഡി.ഇ.ഐ.സിയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെ സൗജന്യ ഹൃദയ ശസ്ത്രക്രിയ പദ്ധതിയായ ഹൃദ്യം പദ്ധതിയും ഡി.ഇ.ഐ.സി വഴി നടപ്പിലാക്കുന്നുണ്ട്, ഇതുവരെ 2500 കുഞ്ഞുങ്ങളെ പദ്ധതിയുടെ ഭാഗമായി രജിസ്റ്റർ ചെയ്യുകയും കൂടാതെ 600 കുഞ്ഞുങ്ങൾക്ക് തെരഞ്ഞെടുത്ത ആശുപത്രികൾ വഴി സൗജന്യ ഹൃദയ ശസ്ത്രക്രിയ ചെയ്തു കൊടുക്കുവാനും സാധിച്ചു.

ഉന്നതിയിലെ മൂന്ന് വയസ്സുകാരനെ

# കൂട്ടിക്കൊണ്ടുവന്നു കുത്തിവെപ്പ് നൽകി



ഇടുക്കി: കണ്ണൻ എന്ന മൂന്ന് വയസ്സുകാരൻ മാങ്കുളം പഞ്ചായത്തിലെ ചിക്കണം കുടിയിലാണ് താമസം. മതിയായ ബോധവത്ക്കരണത്തിന്റെ അഭാവം മൂലം കുട്ടിയുടെ ആദ്യ വാക്സിനേഷൻ പെന്റ ഒന്നിന് ശേഷം നടത്തിയിട്ടുണ്ടായിരുന്നില്ല. ഇത് മനസ്സിലാക്കിയ മാങ്കുളം കുടുംബാരോഗ്യ കേന്ദ്രത്തിലേയും പെരുമ്പൻകുത്ത് ജനകീയാരോഗ്യകേന്ദ്രത്തിലെയും ജീവനക്കാർ കുട്ടിയുടെ മാതാപിതാക്കളെ ബന്ധപ്പെട്ടെങ്കിലും വാക്സിനേഷന്റെ പ്രാധാന്യത്തെപ്പറ്റി മനസ്സിലാക്കാൻ മാതാപിതാക്കൾ തയ്യാറായിരുന്നില്ല. എന്നാൽ ആരോഗ്യവകുപ്പ് ജീവനക്കാർ ഇതൊരു വെല്ലുവിളിയായി ഏറ്റെടുത്തു. മെഡിക്കൽ ഓഫീസറുടേയും മറ്റു ജീവനക്കാരുടേയും നേതൃത്വത്തിൽ കുടി സന്ദർശിച്ചു. സാധ്യമായ എല്ലാ ഉപാധികളും ഉപയോഗിച്ച് തുടർച്ചയായ ബോധവത്ക്കരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാതാപിതാക്കൾ വാക്സിനേഷൻ നടത്തുന്നതിന് സമ്മതിക്കുകയുമാണ് ഉണ്ടായത്. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടിയേക്കൂട്ടി കുടുംബാരോഗ്യകേന്ദ്രത്തിൽ എത്തിയ കുടുംബം DPT, OPV, MR, VIT -A വാക്സിനുകൾ കുട്ടിയ്ക്ക് നൽകി.

ഇതിനു സാമാനമായ മാതൃകകളാണ് ഇടുക്കി ജില്ലയിലെ ആദിവാസി കുടികളിൽ ആരോഗ്യവകുപ്പ് ജീവനക്കാർ നടത്തികൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി ഇടമലക്കുടിയിലും കാന്തലൂരിലും സമാനമായ വിജയകഥകൾ ഉണ്ടാകുന്നു. ആരോഗ്യമുളള ഒരു തലമുറക്കായി ആരോഗ്യവകുപ്പ് ജില്ലയിൽ പുതിയ വിജയകഥകൾ കൂട്ടിചേർക്കുന്നു.

കവിത

# അകലം

ഒരു കുഞ്ഞ് ജനിച്ചാലോ
കുഞ്ഞിനെ നന്നായ് വളർത്തണ്ടേ
വിദ്യകൾ എല്ലാം കൊടുക്കേണ്ടേ
കുഞ്ഞിന് സ്നേഹം കൊടുക്കേണ്ടേ
രണ്ടു മൂന്നു വയസ്സുവരെ കുഞ്ഞിനെ
ഊട്ടി ഉറക്കേണ്ടേ
അമ്മയ്ക്കൊന്ന് ഉറങ്ങേണ്ടേ
അമ്മേടെയാരോഗ്യം നോക്കേണ്ടേ
അറിവില്ലാതെ ഗർഭിണിയായാൽ
കുഞ്ഞിനെ വളർത്താൻ പാടുപെടും
ആരോഗ്യത്തോടിരിപ്പാനായ്
ആരോഗ്യ അറിവുകൾ നേടാനായ്
പലതരം അറിവുകൾ നേടാനായ്
ആരോഗ്യ മന്ദിർ സന്ദർശിക്കാം
കുഞ്ഞിനെന്നും തുണ വേണം
ആ തുണ മൂന്നു വർഷം
കഴിഞ്ഞുമതി
ആദ്യത്തെ കുഞ്ഞു കുറച്ചു
കഴിഞ്ഞുമതി
അതിനും മാർഗ്ഗം നിലവിലുണ്ടേ
അമ്മയും കുഞ്ഞും തമ്മിലൊരു
ബന്ധം വേണം
ആ ബന്ധം എന്നും നിലനിൽക്കാനായ്
കുഞ്ഞുങ്ങൾ തമ്മിൽ അകലം
വേണം.



അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിനായി രണ്ടു പ്രസവങ്ങൾക്കിടയിലുള്ള അകലം കൃത്യമായി പാലിക്കണമെന്ന് ബോധവൽക്കരിക്കുകയാണ് ഈ കവിതയിലൂടെ.

തൃശ്ശൂർ ജില്ലയിലെ മാന്ദ്ര കുടുംബാരോഗ്യ കേന്ദ്രത്തിലെ ജെ.പി.എച്ച്.എൻ അനിത കെ ബി യാണ് ഈ കവിത രചിച്ചത്.

കെ. എം മാണി സ്മാരക ഗവ. ജനറൽ ഹോസ്പിറ്റലിൽ

# കൃത്രിമ അവയവ നിർമ്മാണ കേന്ദ്രം തുറന്നു



കോട്ടയം: കെ.എം മാണി സ്മാരക ഗവ ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഫിസിക്കൽ മെഡിസിൻ & റീ –ഹാബിലിറ്റേഷൻ ചികിത്സാ വിഭാഗത്തിന്റെ ഭാഗമായാണ് ആർട്ടിഫിഷ്യൽ ലിംമ്പ് ഫിറ്റിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. അംഗവിഹീനർക്ക് കൃത്രിമ കാലുകൾ, കൈ നഷ്ടമായ വർക്ക് കൃത്രിമ കൈകൾ, പോളിയോ ബാധിതർക്കും അപകടം മൂലം അംഗഭംഗം സംഭവിച്ചവർക്കും ആവശ്യമായ ഉപകരണങ്ങൾ ഇവിടെ നിന്നും ലഭ്യമാക്കും. മുട്ട് വേദന, നട്ടെല്ലിന് ക്ഷതം ഏറ്റവർ, കഴുത്ത് വേദനക്കാർ എന്നിവർക്ക് ആവശ്യമായ സഹായ ഉപകരണങ്ങളും ലഭ്യമാക്കും. ക്രച്ചസ്, വാക്കിംഗ് സ്ററിക്ക്, വാക്കർ, ഷോൾഡർബാഗ്, കാൽമുട്ട് സഹായം എന്നിവയും ഈ കേന്ദ്രം വഴി ലഭ്യമാക്കും. 25 ലക്ഷം രൂപയുടെ ഉപകരണങ്ങളാണ് ഇവിടെ സജ്ജീകരിച്ചിരിക്കുന്നതെന്നും സംസ്ഥാനത്തെ ഒൻപതാമത് കൃത്രിമ അവയവ നിർമ്മാണ കേന്ദ്രമാണ് ഇവിടെ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ആരോഗ്യ വകുപ്പിനു കീഴിൽ ഇടുക്കി, കോട്ടയം ജില്ലകൾക്കായുള്ള ഏക സെന്റർ കൂടിയാണിത്.

കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ

# മോർച്ചറി കം പോസ്റ്റുമോർട്ടം കോംപ്ലക്സ്



കോട്ടയം: ജില്ലയുടെ മലയോര മേഖലയിലെയും ഇടുക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളിലെയും ജനങ്ങളുടെ നിരന്തരം ആവശ്യം ആയിരുന്നു കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ മോർച്ചറി കം പോസ്റ്റുമോർട്ടം യൂണിറ്റ് ഉണ്ടാകുക എന്നുള്ളത്. 2021 –22 സാമ്പത്തികവർഷം സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച 1 കോടി രൂപ ചിലവഴിച്ചാണ് ആധുനിക നിലവാരത്തിൽ ഉള്ള മോർച്ചറി കം പോസ്റ്റുമോർട്ടം കോംപ്ലക്സ് പണി പൂർത്തീകരിച്ചു പ്രവർത്തന സജ്ജമാക്കിയത്. ഇതൊടൊപ്പം വാഴൂർ ബ്ലോക്ക് പഞ്ചായത്തു 2022 –23 സാമ്പത്തികവർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും 16 ലക്ഷം രൂപ ചിലവഴിച്ചു മോർച്ചറി കം പോസ്റ്റുമോർട്ടം കോംപ്ലക്സിലേക്ക് ആവശ്യമായ ടേബിൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങിച്ചു നൽകി. ഗവ. ചീഫ് വിപ്പ് പ്രൊ. എൻ ജയരാജ് മോർച്ചറി കം പോസ്റ്റുമോർട്ടം കോംപ്ലക്സ് ഉദ്ഘാടനം നിർവ്വഹിച്ചു.

ആലപ്പുഴ മെഡിക്കൽ കോളേജിലുണ്ട് വേദനരഹിത പ്രസവം

# ഇനി പ്രസവവേദന കുറയും



ആലപ്പുഴ: പ്രസവ വേദനയെക്കുറിച്ച് ഉത്കണ്ഠപ്പെടുന്നവർക്ക് ഇതാ ഒരു ആശ്വാസവാർത്ത. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതുതായി ഒരുക്കിയ വേദനരഹിത സുഖപ്രസവ സംവിധാനത്തിലൂടെ കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ 25 സ്ത്രീകൾക്കാണ് വേദനയില്ലാതെ പ്രസവം സാധ്യമായത്.

അനസ്തേഷ്യ വിദഗ്ധന്റെ സഹായത്തോടെ എപ്പിഡ്യൂറൽ അനാൽജീസ്യ സംവിധാനങ്ങൾ ഉപയോഗിച്ചാണ് വേദനരഹിത പ്രസവം സാധ്യമാക്കുന്നത്. നട്ടെല്ലിലൂടെ വളരെ നേർത്ത സൂചികൊണ്ട് മരുന്ന് കുത്തിവെച്ച് ഗർഭിണിക്ക് പ്രസവ വേദന ഇല്ലാതാക്കുന്നതാണ് ഈ രീതിയിൽ ചെയ്യുന്നത്. പ്രസവത്തിനിടെ ഓപ്പറേഷൻ ആവശ്യമായേക്കാവുന്ന അടിയന്തര ഘട്ടങ്ങളിലും ഇത് ഏറെ സഹായകരവുമാണ്. ഗർഭിണിയുടെയും ബന്ധുക്കളുടെയും സമ്മതത്തോടെയാണ് വേദനരഹിത പ്രസവങ്ങൾ നടത്തുന്നത്.

ആധുനിക സൗകര്യങ്ങളോടെ തുടങ്ങിയ ഒബ്സ്റ്റെട്രിക് ആൻഡ് ഗൈനക്കോളജി (ഒ ആൻഡ് ജി) വിഭാഗത്തിലാണ് വേദനരഹിത പ്രസവത്തിനുള്ള സൗകര്യം ഒരുക്കിയിരിക്കുന്നത്. കൂടാതെ നടുവേദന പോലുള്ള മറ്റു പ്രസവാനന്തരപ്രശ്നങ്ങളും ഇത്തരം പ്രസവങ്ങളിൽ ഉണ്ടാകില്ല. സാധാരണ പ്രസവങ്ങൾ പോലെ മൂന്നാം ദിവസം തന്നെ അമ്മമാർക്ക് ആശുപത്രിയിൽ നിന്ന് മടങ്ങാനും സാധിക്കും.

വേദനരഹിത പ്രസവത്തിന് സ്വകാര്യ ആശുപത്രികളിൽ സാധാരണയായി 50,000 മുതൽ ഒരു ലക്ഷം രൂപ വരെയാണ് ചെലവ് വരുന്നത്. എന്നാൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ വളരെ കുറഞ്ഞ നിരക്കിലാണ് ഈ സംവിധാനം ലഭ്യമാക്കുന്നതെന്ന് ആശുപത്രി അധികൃതർ അറിയിച്ചു. 2000 രൂപയിൽ താഴെയാണ് വേദനരഹിത പ്രസവത്തിന് ചെലവ് വരുന്നത്. ഗൈനക്കോളജി വിഭാഗത്തിൽ പ്രസവത്തിനെത്തുന്നവർക്ക് വേദനരഹിത പ്രസവം സംബന്ധിച്ച കൗൺസലിങ്ങും നൽകി വരുന്നു.

നൽകിയത് 6 ലക്ഷത്തിന്റെ ചികിത്സ

# ഹൃദയതാളം കാത്ത് 'കാത്ത് ലാബ്'



തൃശൂർ: ഹൃദയാഘാതത്തെ തുടർന്ന് ഗുരുതരാവസ്ഥയിലായ 65 വയസ്സുകാരന് പുതുജീവൻ നൽകി തൃശ്ശൂർ ജനറൽ ആശുപത്രിയിലെ കാത്ത് ലാബ്. ആറ് ലക്ഷം ചിലവു വരുന്ന ഐ.സി.ഡി. ഇൻപ്ലാന്റേഷനാണ് സൗജന്യമായി ചെയ്തു നൽകിയത്. രോഗിയും കുടുംബവും ആദ്യം സ്വകാര്യ ആശുപത്രിയെ സമീപിച്ചെങ്കിലും 6 ലക്ഷം രൂപ ചെലവു വരുമെന്നറിഞ്ഞതോടെ നിസഹായരായ കുടുംബം ജനറൽ ആശുപത്രിയിലേക്ക് എത്തുകയായിരുന്നു.

ഈ രോഗിക്ക് മുൻപ് ഹൃദയാഘാതം വന്നിട്ടുള്ളതാണ്. വീണ്ടും ഹൃദയാഘാതം ഉണ്ടാകാനുള്ള സാധ്യത തിരിച്ചറിഞ്ഞതോടെ അടിയന്തിരമായി രോഗിക്ക് ഹൃദയമിടിപ്പ് നിയന്ത്രിക്കുന്നതിനുള്ള ഉപകരണം (ഐ.സി.ഡി (Implantable cardioverter defibrillator) – ഹൃദ്രോഗചികിത്സ) ഘടിപ്പിക്കുകയായിരുന്നു. ആദ്യമായാണ് ഇത്തരത്തിലുള്ള ചികിത്സ ജനറൽ ആശുപത്രിയിൽ ചെയ്യുന്നത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യമായാണ് ചികിത്സ ലഭ്യമാക്കിയത്.

ഐ.സി.ഡി. ഘടിപ്പിച്ചാൽ ഹൃദയമിടിപ്പ് നിയന്ത്രിക്കാനും ഹൃദയാഘാതം തടയാനും സാധിക്കുമെന്ന് ചികിത്സക്ക് നേതൃത്വം നൽകിയ കാർഡിയോളജിസ്റ്റ് ഡോ. എ കൃഷ്ണകുമാർ പറഞ്ഞു. ഡോ. വിവേക് തോമസ്, കാത്ത് ലാബ് ടെക്നീഷൻ പി ദിവ്യ, നഴ്സിംഗ് ഓഫീസർമാരായ ജിന്റോ ജോസ്, ഷഹീദാ, ബ്രിസ്റ്റോ എന്നിവരാണ് ഒപ്പം ചേർന്നത്.

2022 ൽ ആരംഭിച്ച കാത്ത് ലാബ് നാളിതു വരെ 35000 പേർക്ക് ശസ്ത്രക്രിയകൾ ചെയ്ത് നൽകി. ചികിത്സാചിലവ് താങ്ങാൻ കഴിയാതെ പ്രതീക്ഷയറ്റ ഹൃദ്രോഗികൾക്കും കുടുംബത്തിനും താങ്ങും തണലുമാകുകയാണ് കാത്ത് ലാബ്.